بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 7

ലക്കം 19

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മെയ് 12/ഹി.ശം. 1401 ഹിജ്റത്ത12/ഹിജ്റ 1443 ശവ്വാൽ 10

## അല്ലാഹുവിന്റെ വചനം

وَمَا نُرْسِلُ الْمُرْسَلِيْنَ اِلَّا مُبَشِّرِيْنَ وَمُنْذِرِيْنَ ۚ فَمَنْ اٰمَنَ وَاَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ (سورة الانعام:49)

‘സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പു നല്കുന്നവരുമായിട്ടല്ലാതെ നാം ദൂതന്മാരെ അയക്കുന്നില്ല. അപ്പോൾ ആർ വിശ്വസിക്കുകയും സ്വയം തിരുത്തി നന്നാക്കുകയും ചെയ്യുന്നുവോ അവർക്ക് (ഭാവിയെ സംബന്ധിച്ച്) ഒരു ഭയവുമുണ്ടാകുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ ദുഃഖിക്കുകയുമില്ല.’ (6:49)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദൈവഭയത്തിൽ ആകർഷിതനായി കരയുക എന്നത് നരകത്തെ നിഷിദ്ധമാക്കിക്കളയുന്നതാണ്.

**ഇക്കാര്യം ഒരിക്കലും നിങ്ങളുടെ മനസ്സിൽനിന്ന് മായിക്കരുത്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ ആത്മാർഥതയ്ക്കും വിശ്വസ്തതയ്ക്കുമാണ് വിലയുള്ളത്.**

**ആചാരോപചാരങ്ങൾക്കും കൃത്രിമങ്ങൾക്കും അവന്റെ സന്നിധിയിൽ ഒരു പ്രയോജനവുമില്ല.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ**

### ഒരു കണ്ണീർതുള്ളിപോലും നരകത്തെ നിഷിദ്ധമാക്കുന്നു.

അല്ലാഹുവിന്റെ ഗാംഭീര്യത്തിന്റേയും പ്രതാപത്തിന്റേയും അവനോടുള്ള ഭയത്തിന്റേയും ആധിപത്യം മനസ്സിലുണ്ടാകുകയും അതിൽ ഒരു തേങ്ങലും ജ്വലനവുമുണ്ടായി അല്ലാഹുവിനുവേണ്ടി ഒരിറ്റു കണ്ണീരെങ്കിലും പുറപ്പെടുകയും ചെയ്താൽ അതു തീർച്ചയായും നരകത്തെ നിഷിദ്ധമാക്കുന്നതാണ്. ഇതുകൊണ്ട് മനുഷ്യൻ താൻ ഒരുപാടു കരയുന്നുണ്ടെന്ന് വിചാരിച്ച് വഞ്ചിതനാകരുത്. അതുകൊണ്ടു കണ്ണുരോഗമുണ്ടാകുമെന്നല്ലാതെ വേറെ പ്രയോജനമൊന്നുമില്ല. അങ്ങനെ നേത്യരോഗങ്ങൾക്ക് അടിമപ്പെടുന്നതായിരിക്കും.

ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദൈവഭയത്തിൽ ആകർഷിതനായി കരയുക എന്നത് നരകത്തെ നിഷിദ്ധമാക്കിക്കളയുന്നതാണ്. പക്ഷേ, അല്ലാഹുവിനെ അല്ലാഹുവും അവന്റെ റസൂലിനെ റസൂലും അവന്റെ സത്യമായ ഗ്രന്ഥത്തെ ഗ്രന്ഥവുമായി അറിയാതെ ഈ വിലാപങ്ങൾക്ക് ഭാഗ്യമുണ്ടാകുകയില്ല. അറിവു മാത്രമല്ല വിശ്വസവുമുണ്ടാകേണ്ടതാണ്. ഏതുപോലെ എന്നാൽ ഒരു വൈദ്യൻ രോഗിക്ക് വയർ ഇളകാൻ മരുന്നു കൊടുക്കുന്നു. അവന് അല്പം വയറിളകുന്നു. ശക്തമായി വയർ ഇളകാത്തിടത്തോളം അവന്റെ രോഗം പൂർണമായും ഭേദമാകുകയില്ല. ശക്തമായി വയറിളകമ്പോൾ അതിനോടൊപ്പം സകല മാലിന്യങ്ങളും വിഷവസ്തുക്കളും പുറത്തുപോകുന്നു. രോഗിയെ ഉള്ളിന്റെയുള്ളിൽ ബുദ്ധിമുട്ടിക്കുകയും വിഷമിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന എല്ലാത്തരത്തിലുള്ള ദുർഗന്ധങ്ങളും വിഷവസ്തുക്കളും അതിനൊടൊപ്പം പുറത്തു വരുന്നു. അപ്പോൾ അവന് ശിഫാ കിട്ടുന്നു. ഇപ്രകാരം ഹൃദയഭേദകമായ വിലാപം ദൈവസവിധത്തിൽ എല്ലാ തരത്തിലുള്ള ശാരീരികേച്ഛാപരമായ അഴുക്കുകളേയും വിഷാണുക്കളേയുംകൊണ്ട് പുറത്തുവരികയും അവനെ പരിശുദ്ധവും പവിത്രവുമാക്കിത്തീർക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ആളുകളുടെ തൗബത്തുന്നുസ്വൂഹിന്റെ നേരത്ത് പുറപ്പെടുന്ന ഒരുതുള്ളിക്കണ്ണീർ, ശരീരേച്ഛയ്ക്കടിപ്പെട്ട ആളുകളുടെ പ്രദർശനപരതയുടേയും അന്ധകാരങ്ങളുടേയും പിടിയിലകപ്പെട്ടവൻ ഒരു നദി ഒഴുക്കുന്നതിനെക്കാൾ ഉത്തമവും ഉന്നതവുമാണ്. കാരണം അതു അല്ലാഹുവിനുവേണ്ടിയാണ്. എന്നാൽ, ഇതു സൃഷ്ടികൾക്കുവേണ്ടിയാണ് അല്ലെങ്കിൽ സ്വന്തം ആത്മാവുനവേണ്ടിയാണ്.

ഇക്കാര്യം ഒരിക്കലും നിങ്ങളുടെ മനസ്സിൽനിന്ന് മായിക്കരുത്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ ആത്മാർഥതയ്ക്കും വിശ്വസ്തതയ്ക്കുമാണ് വിലയുള്ളത്. ആചാരോപചാരങ്ങൾക്കും കൃത്രിമങ്ങൾക്കും അവന്റെ സന്നിധിയിൽ ഒരു പ്രയോജനവുമില്ല. *(മൽഫൂദാത്ത് വാല്യം 2 പേജ് 564, പ്രസാധനം 2003 ഖാദിയാൻ)*

## നബിﷺയുടെ സാരോപദേശം:

### റമളാനിലെ വിട്ടുപോയ നോമ്പ്

(1950) ഹദ്റത്ത് അബൂസലമ(റ)യിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ ഹദ്റത്ത് ആഇശ(റ)യിൽ നിന്ന് കേട്ടു. അവർ പറയാറുണ്ടായിരുന്നു: ‘റമളാനിലെ ചില നോമ്പുകൾ എനിക്കു നോറ്റുവീട്ടാൻ ഉണ്ടാവാറുണ്ട്. ശഅ്ബാൻ വരുന്നതു വരെ എനിക്കതു നോൽക്കാൻ സാധിക്കാറില്ല.’ യഹ്യാ പറഞ്ഞു: ‘നബി(സ) തിരുമേനിയുടെ തിരക്കുകാരണം അല്ലെങ്കിൽ നബി(സ)തിരുമേനിയുടെ സേവനത്തിൽ നിരതയായ കാരണത്താൽ.’

### നോമ്പു തുറക്കേണ്ട സമയം

(1954) ഉമർ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: ‘രാവ് ഇവിടെ നിന്നു വരികയും പകൽ ഇവിടെനിന്ന് പിന്തിരിയുകയും സൂര്യൻ അസ്തമിക്കുകയും ചെയ്താൽ നോമ്പുകാരൻ നോമ്പു മുറിച്ചു.’

### നോമ്പുതുറക്കാൻ ധിറുതികാണിക്കൽ

(1957) ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നോമ്പുതുറക്കാൻ ജനങ്ങൾ ധിറുതി കാണിക്കുന്ന കാലവരേക്കും ജനങ്ങൾ നന്മയിലായിരിക്കും. *(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ
08 ഏപ്രിൽ 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## പെൺകുട്ടികളെ മോശമായി മനസ്സിലാക്കുന്നവരുടെ പ്രവൃത്തി അങ്ങേയറ്റം വൃത്തികെട്ടതാണ്. പെൺകുട്ടികളില്ലായിരുന്നുവെങ്കിൽ അവരെങ്ങനെയാണ് ജനിക്കുക? ഭാവിയിൽ പെൺകുട്ടികളില്ലെങ്കിൽ അവരുടെ സന്താനപരമ്പര എങ്ങനെയാണ് നിലനില്ക്കുക?

**ആരംഭം മുതൽത്തന്നെ സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്ത ഏതു ഗ്രന്ഥമാണുള്ളത്? അത് വിശുദ്ധ ഖുർആൻ മാത്രമാണ്.**

സൂറത്തുന്നഹ്‌ലിന്റെ 60-ാം വചനമായ, **യത്തവാറാ മിനൽഖൗമി മിൻ സൂഇ മാ ബുശ്ശിറ ബിഹി അയുംസിക്കുഹൂ അലാ ഹൂനിൻ അം യദുസ്സുഹൂ ഫിത്തുറാബി അലാ സാഅ മാ യഹ്കുമൂൻ** (അവന് അനുമോദനം നല്കപ്പെട്ടതിന്റെ ദോഷം നിമിത്തം അവൻ ജനങ്ങളിൽനിന്ന് ഒളിക്കുന്നു. അപമാനം സഹിച്ചുകൊണ്ട് അവൻ അതിനെ (പുത്രിയെ)വച്ചു പുലർത്തിക്കൊണ്ടിരിക്കുമോ? അതല്ല അതിനെ (ജീവനോടെ)മണ്ണിൽ കുഴിച്ചുമൂടുമോ? അറിയുക അവർ വിധിക്കുന്നത് വളരെ വിചിത്രം തന്നെ) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ)പറയുന്നു: അതായത് പിതൃപരമായ സ്നേഹമുണ്ടായിട്ടും നിന്ദ്യത സഹിക്കുന്നതിനാൽ പെൺകുട്ടിയെ ജീവിക്കാൻ വിടണോ അതല്ല ജീവനോടെ കുഴിച്ചുമൂടണമോ എന്ന സംഘർത്തിൽ വീണുപോകുന്നു. ഇതു സംബന്ധമായി ഇക്കാര്യം ഓർമവെക്കേണ്ടതാണ്. പൊതുവെ ജനങ്ങൾക്കുണ്ടായിട്ടുള്ള തെറ്റുധാരണയാണ് പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്ന സമ്പ്രദായം അറബികളിൽ

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**പ്രതാപവാനായ അല്ലാഹു തന്റെ സൃഷ്ടികളുടെ നന്മയ്ക്കുവേണ്ടി ഒരേയൊരു വാതിൽ മാത്രമെ തുറന്നിട്ടുള്ളു. അതായത് ദുആ! ഒരു വ്യക്തി വിലപിച്ചുകൊണ്ട് ഈ വാതിലിലൂടെ പ്രവേശിക്കുമ്പോൾ ആ ഔദാര്യവാനായ രക്ഷിതാവ് അവനെ പരിശുദ്ധിയുടെയും പവിത്രതയുടെയും പുതപ്പ് അണിയിക്കുന്നു. തന്റെ മഹത്ത്വത്തിന്റെ മേൽക്കോയ്മ അവനിൽ എത്രമാത്രം പ്രകടമാക്കുന്നുവെന്നാൽ ആ വ്യക്തി അനാവശ്യകാര്യങ്ങളിൽനിന്നും വ്യർഥമായ നീക്കങ്ങളിൽനിന്നും മൈലുകളോളം ഓടിപ്പോകുന്നു.**

**റമളാനുൽമുബാറക്കിൽ ദുആയുടേ പ്രാധാന്യത്തേയും ദുആ സ്വീകരിക്കപ്പെടുന്നതിനുള്ള കർമങ്ങളേയും നിബന്ധനകളേയും സംബന്ധിച്ച വിവരണം**

**അല്ലാഹുവിന്റെ യഥാർഥ ദാസനും അല്ലാഹുവിന്റെ കല്പനകളനുസരുച്ച് നടക്കുന്നവനും തന്റെ ഈമാനിനെ പൂർണമാക്കുന്നവനുമായിക്കൊണ്ട് ഈ റമളാനിനെ എപ്പോഴും തന്റെ ദുആ സ്വീകാര്യതയുടെ മാർഗമാക്കുന്നവൻ ഭാഗ്യവാനാണ്.**

---

**വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്ന ഖുർആനിക വചനത്തിന് ദുആയുടെ സ്വീകാര്യതയുമായുള്ള സൂക്ഷ്മമായ ബന്ധം.

**ലോകത്തിന്റെ അവസ്ഥ കണ്ട്, ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുകയും ജനങ്ങൾക്ക് തങ്ങളുടെ സൃഷ്ടികർത്താവായ അല്ലാഹുവിനെ തിരിച്ചറിയാൻ ബുദ്ധി നൽകുകയും ചെയ്യുമാറാകട്ടെ.**

**ബദ്‌രി സ്വഹാബാക്കളെ കുറിച്ചു ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഖുത്ബകൾ ഉൾക്കൊള്ളിച്ചുകൊണ്ട് MTA INTERNATIONAL തയ്യാറാക്കിയ വെബ്സൈറ്റ് WWW.313 COMPANIONS.ORG ന്റെ ഉൽഘാടനം.**

**ഖുത്ബ ജുമുഅ 2022 ഏപ്രിൽ 08/1401 ശഹാദത്ത് 08,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○
وَاِذَا سَاَلَكَ عِبَادِيْ عَنِّيْ فَاِنِّيْ قَرِيْبٌ ؕ اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا لِيْ
وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ ﴿۱۸۷﴾

**എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം, (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നല്കുന്നതാണ്; അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി.** (2:187)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമളാൻ മാസത്തിലൂടെയാണ് നമ്മൾ കടന്നുപോയികൊണ്ടിരിക്കുന്നത്. ഈ മാസം ദുആകൾ സ്വീകരിക്കപ്പെടുന്ന മാസമാകുന്നു. അല്ലാഹു ഈ മാസത്തിൽ തന്റെ പ്രത്യേക അനുഗ്രഹത്താൽ ദുആകൾ സ്വീകരിക്കുമെന്ന് വിളംബരപ്പെടുത്തിയിരിക്കുകയാണ്. അവന്റെ അനുഗ്രഹത്തിന്റെ പ്രത്യേക നീരുറവ തുറന്നുവിട്ടിരിക്കുന്നു. കാരണം ഇതിൽ ഒരു മനുഷ്യൻ തന്റെ ഓരോ കർമവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടിയാണ് ചെയ്യുന്നത്. എത്രത്തോളമെന്നാൽ അശനപാനീയങ്ങളും അല്ലാഹുവിന്റെ കല്പനയാൽ ഒരു പ്രത്യേക സമയത്തു മാത്രമാണ് കഴിക്കുന്നത്. അതുകൊണ്ട് നബി(സ)തിരുമേനി പറയുന്നു: അല്ലാഹു പറഞ്ഞു: സ്വർഗകവാടങ്ങൾ ഈ മാസത്തിൽ തുറക്കപ്പെടുകയും നരകകവാടങ്ങൾ കൊട്ടിയടക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ മാസത്തിൽ ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുന്നു. *(സ്വഹീഹ് മുസ്ലിം, കിതാബുസ്സ്വിയാം, ബാബു ഫള്‌ലു ശഹ്റു റമളാൻ, ഹദീഥ് 2495)*

അതുകൊണ്ട് അല്ലാഹു ഇത്തരം സാഹചര്യങ്ങൾ ഒരുക്കിത്തരുകയും അതിൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നത് നമ്മുടെ സൗഭാഗ്യമാകുന്നു. ഇത്തരം അവസ്ഥയിൽ അല്ലാഹുവിൽനിന്ന് ഇത്തരം അവസ്ഥ ലഭ്യമായതിനുശേഷവും നമുക്കതിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ കഴിയുന്നില്ലെങ്കിൽ അതു നമ്മുടെ ദൗർഭാഗ്യമായിരിക്കും. ലോകത്ത് റമളാൻ മാസത്തിൽ വ്യഭിചാരിയും കൊള്ളക്കാരനും മോഷ്ടാവും ധിക്കാരിയും അധർമിയുമൊന്നും തങ്ങളുടെ ജോലികൾ ചെയ്യുന്നില്ലേ? ചെയ്യുന്നുണ്ട്. അവർ തീർച്ചയായും ചെയ്യുന്നുണ്ട്. എല്ലാവരുടെയും ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുന്നുവെങ്കിൽപ്പിന്നെ അവർ എങ്ങനെയാണ് സാത്താനിക പണികൾ ചെയ്യുന്നത്. ഇതു വിശ്വാസികൾക്കും അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുന്നവർക്കുമുള്ള ഉപദേശമാകുന്നു. അതായത് റമളാൻ മാസത്തിൽ അല്ലാഹു പറയുന്നു, ഞാൻ പറഞ്ഞതുകൊണ്ട് അനുവദനീയമായ കാര്യങ്ങളിൽനിന്നുപോലും നിങ്ങളെ വിലക്കുന്നു. നിങ്ങൾക്ക് ഞാൻ സന്തോഷവാർത്ത നൽകുന്നു. പൊതുവായ അവസ്ഥയിൽ ശയ്ത്വാൻ അവധി ആവശ്യപ്പെട്ടതുപോലെ ഇടത്തുനിന്നും വലത്തുനിന്നും പിന്നിൽ നിന്നും മനുഷ്യനെ ആക്രമിക്കാനും പ്രലോഭിപ്പിച്ച് തന്റെ പിന്നിൽ നടത്താനും ശയ്ത്വാന് തുറന്ന അവസരമാണുള്ളത്. അവനെ ഇന്ന് ഞാൻ അവർക്കുവേണ്ടി ബന്ധനസ്ഥനാക്കിയിരിക്കുന്നു. അല്ലെങ്കിൽ റമളാൻ മാസത്തിൽ അവനെ കെട്ടിയിട്ടിരിക്കുന്നു. അവരെ പൂർണമായും തന്റെ സംരക്ഷണത്തിന്റെ കോട്ടയിൽ എടുത്തിരിക്കുന്നു. അവർ എനിക്കുവേണ്ടി നോമ്പു പിടിക്കുന്നവരാണ്. തങ്ങളുടെ അശനപാനീയങ്ങൾ കുറച്ച്, ആത്മീയതയിൽ മുന്നേറാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഭൗതിക ഭക്ഷണം കുറച്ചു കൊണ്ട് ആത്മീയ ഭക്ഷണത്തിൽ വർധന ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതു തന്നെയാണ് റമളാനിന്റെ ആത്മാവ്, നോമ്പിന്റെ ആത്മാവ്! *(മൽഫൂദാത്ത് വാള്യം 9, പേജ് 123)*

അല്ലാഹു അത്തരമാളുകളുടെ ശയ്ത്വാനെ പൂർണമായ നിലയിൽ ബന്ധനസ്ഥനാക്കുന്നു. പിന്നീടു നോമ്പുകാരനുള്ള പ്രതിഫലം താൻ

തന്നെയാണെന്ന് പറയുകയും ചെയ്തിരിക്കുന്നു. *(സ്വഹീഹുൽ ബുഖാരി, കിതാബുത്തൗഹീദ്, ഹദീഥ് 7492)*

എത്രവലിയ സുവാർത്തയാണ്! അതുകൊണ്ട് നമ്മൾ ഇതിൽനിന്ന് അനുഗ്രഹംപ്രാപിക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് വേണ്ടി സ്വർഗീയ കവാടങ്ങൾ തുറന്നിരിക്കുന്നു. അതിലെ എല്ലാ കവാടങ്ങളിലൂടെയും പ്രവേശിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതല്ലാതെ തനിക്ക് നിങ്ങൾ നിങ്ങളുടെ അശനപാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ ഒരു താൽപര്യവുമില്ലെന്ന് അല്ലാഹു പറഞ്ഞതുപോലുള്ളവരുടെ ഗണത്തിൽ ഉൾപെടാൻ പാടില്ല. നിങ്ങൾ വെളുപ്പിന് ഇടയത്താഴം കഴിക്കുകയും വൈകുന്നേരം നോമ്പു തുറക്കുകയും രാവും പകലും നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്ന നന്മകൾ നിങ്ങൾ ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, അപ്പോൾപ്പിന്നെ ഈ പട്ടിണി കിടക്കുന്നതും ദാഹം സഹിക്കുന്നതും പകൽ മുഴുവൻ അശനപാനീയങ്ങൾ ഉപേക്ഷിക്കുന്നതും നിങ്ങൾക്കു ഒരു പ്രയോജനവും നൽകുന്നതല്ല. എന്നല്ല നിങ്ങൾ വിശന്നും ദാഹിച്ചും ഇരിക്കുന്നതുകൊണ്ട് അല്ലാഹുവിന് ഒരുദ്ദേശ്യവുമില്ല. ഈ സന്ദേശം നമുക്ക് നബി[സ]തിരുമേനി മുഖേനയാണ് ലഭിച്ചത്. *(സ്വഹീഹ് ബുഖാരി, കിതാബുസ്സൗം, ഹദീഥ് 1903)*

അതുകൊണ്ട് നമ്മളതിന്റെ ആത്മാവ് മനസ്സിലാക്കുകയും അതനുസരിച്ച് ജീവിക്കേണ്ടതും അനിവാര്യമാണ്. അതാണ് റമളാന്റെ ഉദ്ദേശ്യം. ഞാൻ പാരായണം ചെയ്ത ആയത്ത് റമളാനിന്റെ അനിവാര്യതയും കല്പനകളും നോമ്പിന്റെ പ്രാധാന്യവും വിവരിക്കുന്നതിന്റെ ഇടയിലുള്ള ഒരു ആയത്താകുന്നു. ഈ ആയത്തിൽ അല്ലാഹു ദുആ സ്വീകാര്യതയുടെ രീതി അല്ലെങ്കിൽ ദുആകൾ സ്വീകരിക്കപ്പെടുന്നവരെ സംബന്ധിച്ചാണ് വിവരിക്കുന്നത്. ഇബാദുർറഹ്മാനായ ആളുകളെ സംബന്ധിച്ച്, അല്ലെങ്കിൽ ഇബാദുർറഹ്മാനാകാൻ ആഗ്രഹിക്കുന്ന ആളുകളെ സംബന്ധിച്ച്, ശയ്ത്വാന്റെ കരവലയത്തിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ച്, ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണാനാഗ്രഹിക്കുന്നവരെ സംബന്ധിച്ചാണ് പറയുന്നത്. അല്ലാഹു തുടക്കത്തിൽത്തന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'റസൂലേ!എന്റെ ദാസന്മാർ നിന്നോട് ചോദിക്കുകയും തങ്ങളുടെ ദൈവം എവിടെ എന്ന് അന്വേഷിക്കുകയും ഒരു അനുരക്തനെപ്പോലെ അസ്വസ്ഥനായി അന്വേഷണം നടത്തുകയും അല്ലാഹുവിനെ പ്രാപിക്കുന്നതിനുവേണ്ടി സർവ ശ്രമങ്ങളും നടത്താൻ അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ അല്ലാഹു പറയുന്നു: 'നിങ്ങൾ പരിഭ്രമിക്കേണ്ടതില്ല, ഞാൻ നിങ്ങളുടെ അടുത്തു തന്നെയുണ്ടെന്ന് അവരോട് പറയുക.' ആദ്യത്തെ കാര്യം അല്ലെങ്കിൽ നിബന്ധന അല്ലാഹുവിനെ ലഭിക്കുന്നതിന് അല്ലാഹുവിന്റെ ദാസനാകണമെന്നാണ് പറയുന്നത്.

മനുഷ്യൻ അല്ലാഹുവിന്റെ ദാസനാകുന്നതിനുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നവനായിത്തീർന്നാൽ, താൻ അവന്റെ വിളി കേൾക്കുമെന്നും അവന്റെ ശയ്ത്വാനെ ബന്ധനസ്ഥനാക്കുമെന്നും അല്ലാഹു പറയുന്നു. ശയ്ത്വാൻ എപ്പോൾ ആക്രമിക്കാൻ വന്നാലും താൻ സഹായിക്കാനെത്തുന്നതാണ്. കേവലം വർഷത്തിലെ ഒരു മാസത്തിൽ, റമളാനിൽ മാത്രമല്ല പ്രത്യുത എപ്പോഴും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുന്നതാണ്. പക്ഷേ, ഒരു നിബന്ധന, അല്ലാഹു പറയുന്നു: 'എന്റെ ദാസത്വത്തിന്റെ കർത്തവ്യങ്ങൾ നിറവേറ്റണം! എന്റെ കല്പനകൾ ശാശ്വതമായി അംഗീകരിക്കുകയും വേണം! കേവലം റമളാൻ മാസത്തിൽ മാത്രം നന്മകൾ ചെയ്താൽ പോരാ, പ്രത്യുത അല്ലാഹുവിനോടുള്ള കടമകളും ദാസന്മാരോടുള്ള കടമകളും യഥാവിധി ചെയ്തുകൊണ്ടിരിക്കണം. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുക. തങ്ങളുടെ ഈമാനിനെ ദൃഢഗാഢമക്കുക. അല്ലാഹു പറയുന്നു, എന്റെ എല്ലാ ഗുണവിശേഷങ്ങളിലും സമ്പൂർണമായ ദൃഢജ്ഞാനവും വിശ്വാസവും വെക്കുക. എന്നിട്ടു നോക്കുക എങ്ങനെയാണ് ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയുകയെന്ന്! തങ്ങളുടെ ജീവിതത്തെ ഈ രീതിയിൽ വാർത്തെടുക്കുന്നവർ മാത്രമാണ് ശരിയായ നേർമാർഗവും സന്മാർഗ്ഗവും പ്രാപിച്ചവർ. അതുകൊണ്ട് നമ്മളിൽനിന്ന് ആരാണോ റമളാനെ എപ്പോഴും തങ്ങളുടെ ദുആ സ്വീകാര്യതയുടെ മാർഗമാക്കുന്നത് അല്ലാഹുവിന്റെ യഥാർഥ ദാസന്മാരാകുന്നത്, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകുന്നത്, തങ്ങളുടെ വിശ്വാസത്തെ സമ്പൂർണരാക്കുന്നവരാകുന്നത് അവരാണ് സൗഭാഗ്യവാന്മാർ! ഇക്കാല ഘട്ടത്തിലെ ഇമാമിനേയും നബി[സ] തിരുമേനിയുടെ സത്യസന്ധനായ പ്രേമി മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും വിശ്വസിക്കാൻ അല്ലാഹു തൗഫീഖു നല്കിയ നമ്മൾ സൗഭാഗ്യവാന്മാരാണ്! അദ്ദേഹം നമുക്ക് അല്ലാഹുവിനെ പ്രാപിക്കാനുള്ള മാർഗങ്ങളും ദുആ സ്വീകാര്യതയുടെ വഴികളും പറഞ്ഞുതന്നു. ഹദ്റത്ത് മസീഹ് മൗഊദ്[അ] ഒരു സന്ദർഭത്തിൽ പറയുന്നു: 'പ്രതാപവാനായ അല്ലാഹു തന്റെ സൃഷ്ടികളുടെ നന്മയ്ക്കുവേണ്ടി ഒരേയൊരു വാതിൽ മാത്രമെ തുറന്നിട്ടുള്ളൂ. അതായത് ദുആ! ഒരു വ്യക്തി വിലപിച്ചുകൊണ്ട് ഈ വാതിലിലൂടെ പ്രവേശിക്കുമ്പോൾ ആ ഔദാര്യവാനായ രക്ഷിതാവ് അവനെ പരിശുദ്ധിയുടെയും പവിത്രതയുടെയും പുതപ്പ് അണിയിക്കുന്നു. തന്റെ മഹത്ത്വത്തിന്റെ മേൽക്കോയ്മ അവനിൽ എത്രമാത്രം പ്രകടമാക്കുന്നുവെന്നാൽ ആ വ്യക്തി അനാവശ്യകാര്യങ്ങളിൽനിന്നും വ്യർഥമായ നീക്കങ്ങളിൽനിന്നും മൈലുകളോളം ഓടിപോകുന്നു.' *(മൽഫൂദാത്ത് വാല്യം 5, പേജ് 438, 1984 പതിപ്പ്)*

തുടർന്ന് ദുആ സ്വീകരിക്കപ്പെടുന്നതിന് ഏതെല്ലാം അവസ്ഥയാണ് അനിവാര്യമായിട്ടുള്ളതെന്നും ദുആ സ്വീകാര്യതക്ക് എന്തെല്ലാം കാര്യങ്ങളാണ് നിർബന്ധമായിട്ടുള്ളതെന്നും അല്ലാഹുവിന്റെ ദാസനായിത്തീരുന്നതിന് ഒഴിച്ചുകൂടാൻ പാടില്ലാത്തത് എന്തെല്ലാമാണെന്നും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്[അ] പറയുന്നു: 'കർമങ്ങൾ ഉപയോഗപ്പെടുത്താത്തവൻ ദുആ ചെയ്യുന്നില്ലെന്നും മറിച്ച് അല്ലാഹുവിനെ പരീക്ഷിക്കുകയാണെന്നുമുള്ളതാണ് യാഥാർഥ്യം.

അതുകൊണ്ട് ദുആ ചെയ്യുന്നതിനുമുമ്പേ തന്റെ എല്ലാ കഴിവുകളും വിനിയോഗിക്കേണ്ടത് അനിവാര്യമാണ്. അതുതന്നെയാണ് **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീമ** എന്ന ദുആയുടെ അർഥവും. അവിടന്ന് പറഞ്ഞു: 'ആദ്യം നിർബന്ധമായും മനുഷ്യൻ തന്റെ വിശ്വാസാദർശങ്ങളിലും കർമങ്ങളിലും നോക്കുക എന്നതാണ്. കാരണം അല്ലാഹുവിന്റെ നടപടിക്രമമാണ് ഇസ്‌ലാഹ് അഥവാ പരിഷ്കരണം കാര്യഹേതുക്കളുടെ രീതിയിലാണുണ്ടാകുന്നത്. അവനെന്തെങ്കിലും കാരണമുണ്ടാക്കുന്നത് പരിഷ്കരണത്തിന് നിമിത്തമായിത്തീരുന്നു. ദുആ ചെയ്തുകഴിഞ്ഞാൽപ്പിന്നെ കാര്യഹേതുക്കൾക്ക് എന്തുപ്രസക്തിയാണുള്ളതെന്ന് ചോദിക്കുന്നവർ ഈ അവസ്ഥയെ സംബന്ധിച്ച് ചിന്തിക്കേണ്ടതാണ്. ദുആ ചെയ്തു ഇനി കർമങ്ങളുടെ ആവശ്യമില്ല, സാധനസാമഗ്രികളുടെ ആവശ്യമില്ല, ഒരു പരിശ്രമത്തിന്റേയും ആവശ്യമില്ല എന്ന് അവർ കരുതുന്നു. അദ്ദേഹം പറയുന്നു: 'ദുആ സ്വയം ഒരു ഗോപ്യമായ കാരണമാണെന്നും അതു മറ്റു കര്യഹേതുക്കളെ ഉണ്ടാക്കുന്നുവെന്നും പറയുന്ന അജ്ഞരായിട്ടുള്ളവർ ചിന്തിക്കുക!' *(മൽഫൂദാത്ത് വാല്യം 1, പേജ് 124, 1984 പതിപ്പ്).* ദുആ സ്വയം ഒരു കാരണമാണ്. മറഞ്ഞിരിക്കുന്ന കാരണമാണ്. അതു മറ്റു കാരണത്തെ, കാര്യഹേതുക്കളെ ഉണ്ടാക്കുന്നതിന് കാരണമായിത്തീരുന്നു.

അതുകൊണ്ട് ദുആ സ്വീകാര്യതക്ക് അല്ലാഹുവിന്റെ ദാസനായി തീരേണ്ടത് അനിവാര്യമാകുന്നു. മനുഷ്യൻ പരിശ്രമിച്ചുകൊണ്ട് അല്ലാഹുവിൽനിന്ന് അവന്റെ അനുഗ്രഹം തേടേണ്ടതാണ്. അനുഗ്രഹം എന്തെന്നാൽ, കരഞ്ഞു വിലപിച്ചുകൊണ്ട് അവന്റെ ദാസന്മാരിൽ ഉൾപ്പെടുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്. അവൻ സ്വയമേവ ദാസന്മാരിൽ ഉൾപെടുത്തേണമേ എന്ന് ദുആ ചെയ്യേണ്ടതാണ്. അതായത് വിശ്വാസപരമായും കർമപരമായും അല്ലാഹുവിന്റെ ആത്മാർഥരായ അടിയാറുകളിൽ ഉൾപെടുന്നതിനുവേണ്ടി ദുആ ചെയ്യുക. അവൻ ദുആ ചെയ്യുന്നതിനു മുമ്പേതന്നെ തന്റെ കർമങ്ങളെയും അല്ലാഹുവിന്റെ പ്രീതിക്കനുസൃതമായി മാറ്റാൻ ശ്രമിക്കുകയും വേണം. വിശ്വാസം അചഞ്ചലമായ ദാസന്മാരിൽ ഉൾപെടേണ്ടതാണ്. അത് ഉറച്ചതും സുദൃഢവുമായിരിക്കണം. അവർ ഉറച്ച് വിശ്വസിക്കുന്നത് അല്ലാഹുവിന് മണൽത്തരിയെ പോലും സ്വർണമാക്കാൻ കഴിയുമെന്നാണ്. അവന് അങ്ങേയറ്റം വഴിതെറ്റിയവനെപോലും തന്റെ ദാസരിലാക്കാൻ കഴിയുമെന്നാണ്. അവർക്ക് തന്റെ വഴികാണിക്കുകയും പിന്നീട് അവർ അല്ലാഹുവിലേക്ക് പോകുന്ന വഴികളിൽ നടക്കുന്നവരാകുകയും ചെയ്യും. ഈ വിഷയവും അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അതായത്, എന്റെ മാർഗ്ഗത്തിൽ നടക്കുന്നതിന് ജിഹാദു ചെയ്യുന്നവർക്ക് ഞാൻ എന്റെ വഴികൾ കാണിച്ച് കൊടുക്കുന്നതാണ്. **വല്ലദീന ജാഹദു ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്ന് അവൻ പറയുന്നതുപോലെ. അതായത് നമ്മെ കണ്ടുമുട്ടുന്നതിന് പരിശ്രമിക്കുന്നവർക്ക് തീർ

ച്ചയായും നാം നമ്മുടെ വഴികൾ കാണിച്ചു കൊടുക്കുന്നതാണ്. ചുരുക്കത്തിൽ ഈ റമളാൻ മാസം പ്രത്യേകമായും ഈ ജിഹാദിന്റെ മാസമാകുന്നു. ഇതിൽ നമ്മൾ പൂർണമായും പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ ദാസന്മാരിലും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയ ആളുകളിലും അല്ലാഹുവിന്റെ അടിയാറുകളിലും അല്ലാഹു ദുആകൾ സ്വീകരിക്കുന്ന ആളുകളിലും അല്ലാഹുവിന്റെ കൽപനകളനുസരിച്ച് നടക്കുന്നവരിലും അല്ലാഹുവിന്റെ എല്ലാ സിഫത്തുകളിലും പൂർണമായ വിശ്വാസവും ദൃഢജ്ഞാനവുമുള്ളവരിലും യഥാർഥ സന്മാർഗം സിദ്ധിച്ചവരിലും ശയ്ത്വാൻ സദാസമയവും ബന്ധനസ്ഥനാക്കപ്പെട്ട ആളുകളിലും ഉൾപെടാൻ പരിശ്രമിക്കേണ്ടതാണ്. പക്ഷേ, അല്ലാഹുവിന്റെ വാക്കുകളിൽനിന്ന് വ്യക്തമാകുന്നതുപോലെ അതിനു വേണ്ടി നമുക്ക് ആദ്യം ഒരു ജിഹാദ് ചെയ്യേണ്ടതും നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തികൾക്കനുസരിച്ച് മാറ്റേണ്ടതും അനിവാര്യമാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത രീതിയിൽ നമുക്ക് മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. ഒരു സ്ഥലത്ത് ആ ദിവ്യാത്മാവ് പറയുന്നു: തന്റെ സകല ബുദ്ധിയും ശക്തിയും ആത്മാർഥതയും മുഖേന അല്ലാഹുവിനെ അന്വേഷിക്കുന്ന ഒരാൾക്ക് ലഭിക്കുന്നതുപോലെ, തികച്ചും അലംഭാവത്തോടുകൂടി അലസത കാണിക്കുന്ന ഒരാൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അനുഗ്രഹം സ്വായത്തമാക്കാൻ എങ്ങനെയാണ് കഴിയുക. ഇതേ കാര്യത്തിലേക്ക് മറ്റൊരു സ്ഥലത്ത് സൂചന നൽകിക്കൊണ്ടു അല്ലാഹു പറയുന്നു: **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ.** അതായത് നമ്മുടെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവർക്ക് തീർച്ചയായും നാം നമ്മുടെ മാഗ്ഗങ്ങൾ കാണിച്ചു കൊടുക്കുന്നതാണ്. *(ബറാഹീനെ അഹ്മദിയ്യ ഭാഗം 4, റൂഹാനീഖസാഇൻ വാല്യം 1, പേജ് 566 -567, അടിക്കുറിപ്പ് നമ്പർ11)*

ചുരുക്കത്തിൽ അലംഭാവവും അലസതയും കാണിക്കുന്നവരെ, തങ്ങളുടെ സർവശക്തിയും കഴിവുകളും ഉപയോഗിച്ച് അല്ലാഹുവിനെ പ്രാപിക്കാൻ ജിഹാദു ചെയ്യുന്നവരുടെ കൂട്ടത്തിൽ അല്ലാഹു ഉൾപെടുത്തുകയില്ലെന്നാണ് വളരെ വ്യക്തമായും ഇവിടെ പറയുന്നത്.

തങ്ങൾ വളരെയധികം ദുആ ചെയ്യുന്നുണ്ടെങ്കിലും തങ്ങളുടെ ഉദ്ദേശ്യത്തിൽ വിജയിക്കാൻ കഴിയുന്നില്ലെന്ന് ചിലയാളുകൾ ചോദിക്കാറുണ്ട്, കത്തുകളിൽ എനിക്കെഴുതാറുമുണ്ട്. ഇങ്ങനെ പറയുന്നവരാണ് തെറ്റിലുള്ളത്; അല്ലാഹു ഒരിക്കലും തെറ്റിലല്ല! മനുഷ്യൻ തന്റെ ഭാഗത്തുനിന്നുകൊണ്ട് താൻ വളരെ ഉന്നതമായ നിലവാരത്തിലാണുള്ളതെന്ന് മനസ്സിലാക്കുന്നുവെങ്കിലും ഒരുപക്ഷേ, അല്ലാഹുവിന്റെ വീക്ഷണത്തിൽ അതിലും കുറവുണ്ടാകും. അവന് ഇനിയും ജിഹാദു ചെയ്യേണ്ടണ്ട ആവശ്യവുമുണ്ടാകാം. പിന്നെ തന്റെ പ്രാർഥനയുടെ രീതിയെ കുറിച്ചും നോക്കേണ്ടത് അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ്, തന്റെ മുഴുവൻ ബുദ്ധിയും ശക്തിയും ആത്മാർഥതയും മുഖേന അന്വേഷിക്കുന്നവനെ സംബന്ധിച്ച് അല്ലാഹു പറയുന്നു, **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** തീർച്ചയായും നാം അവനെ നമ്മുടെ മാർഗ്ഗങ്ങളിൽ നടത്തുന്നതാണ്. നമ്മൾ നോക്കേണ്ടത് നമ്മുടെ ബുദ്ധിക്കും നമ്മുടെ സകല കഴിവുകൾക്കും അനുസൃതമായി അല്ലാഹുവിന്റെ കൽപനയായ **ഫൽ യസ്തജീബുലീ** അവർ എന്റെ വിളിക്ക് ഉത്തരം നല്കുന്നതാണ് എന്നതു പ്രകാരം പ്രവർത്തിക്കുന്നുണ്ടോ എന്നും തികഞ്ഞ ആത്മാർഥതയോടും കൂറോടുംകൂടി അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നുണ്ടോ എന്നുമാണ്. അങ്ങനെയല്ലെങ്കിൽപ്പിന്നെ അല്ലാഹു തങ്ങളുടെ ദുആകൾ കേട്ടില്ലെന്ന് പരാതിപ്പെടാൻ പാടില്ല. അതിനാൽ ദുആകൾ സ്വീകരിക്കപ്പെടുന്നതിനു മുമ്പേ തങ്ങളുടെ അവസ്ഥകളെ മാറ്റുകയും അല്ലാഹുവിലേക്ക് പദമൂന്നുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ജിഹാദു ചെയ്യേണ്ടത് അനിവാര്യമാണ്.

ദാസൻ ജിഹാദിനെ അതിന്റെ പാരമ്യതയിൽ എത്തിക്കാനാണ്! അല്ലാഹു തന്റെ ദാസനോട് എത്രമാത്രം കരുണകാണിക്കുന്നവനാണെന്നാൽ, അവന്റെ ചെറിയചെറിയ പരിശ്രമത്തെപോലും ജിഹാദായി ഗണിച്ചുകൊണ്ട് അനുഗ്രഹിക്കുന്നു. അവന്റെ **റഹ്മാനിയ്യത്ത്** എല്ലാ വസ്തുവിനെയും വലയവും ചെയ്തിരിക്കുന്നതിനാൽ ദാസന്റെ ജിഹാദും എളുപ്പമുള്ളതായിത്തീരുന്നു. അതിനെ എളുപ്പമുള്ളതാക്കി മാറ്റുന്നു. നബി(സ) തിരുമേനി പറയുന്നു: അല്ലാഹു പറയുന്നു, ദാസൻ എന്നിലേക്ക് ഒരു ചുവട് നടന്നു വരുമ്പോൾ ഞാൻ അവനിലേക്ക് രണ്ടു ചുവടു നടന്നുവരുന്നു. അവനിലേക്ക് നീങ്ങുന്നു. അവൻ എന്നിലേക്ക് നടന്നു വരുമ്പോൾ ഞാൻ അവനിലേക്ക് ഓടി വരുന്നു. *(സ്വഹീഹ് മുസ്‌ലിം, കിതാബുദ്ദിക്റു വദ്ദുആ...... ബാബു ഫള്ലുദ്ദിക്റു വദ്ദുആ വതഖർറുബ ഇലല്ലാഹിത്തആലാ, ഹദീഥ് 6833)*

അല്ലാഹു നമ്മളോടു വളരെയധികം കരുണയുള്ളവനാണ്. പക്ഷേ, ആത്മാർഥതയും കൂറുമാണ് നിബന്ധനയായിട്ടുള്ളത്. അതല്ലാതെ റമളാനിൽ തങ്ങൾ നമസ്കരിക്കുമെന്നും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുമെന്നും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുമെന്നും ദാസന്മാരോടുള്ള കടമകൾ ചെയ്തു തീർക്കുമെന്നും വാദിക്കുകയും-റമളാനിൽ അതെല്ലാം ചെയ്യുന്നുമുണ്ടാകാം-എന്നാൽ, റമളാൻ കഴിഞ്ഞാൽ അല്ലാഹുവിനെയും അവന്റെ കൽപനകളെയും മറക്കുകയും ചെയ്യുന്നു. ഭൗതികത നമുക്കുമേൽ ആധിപത്യം പുലർത്തുന്നു.

അതിനാൽ ഭൗതികത നമ്മളിൽ അതിജയിച്ചു നില്ക്കുമ്പോൾ, അല്ലാഹുവിനെ കുറിച്ചു, തന്നെ വിളിക്കുന്നവരുടെ വിളി കേൾക്കുമെന്ന് അല്ലാഹു പറഞ്ഞു, ഞാൻ റമളാനിൽ അല്ലാഹുവിനെ ഒരുപാടു വിളിച്ചെങ്കിലും എന്റെ ദുആകൾ സ്വീകരിക്കപ്പെട്ടില്ലെന്ന് പരാതിപ്പെടാൻ പാടില്ല.

അല്ലാഹുവിൽ നിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ലെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. തന്റെ പ്രതിജ്ഞയും കൂറും നിറവേറ്റുമെന്ന് ആദ്യം വാഗ്ദാനം ചെയ്തതും പിന്നീട് ലംഘിച്ചതും ഇപ്പോൾ അവൻ വെറും റമളാനിൽമാത്രം ശ്രദ്ധ ചെലുത്തുന്നതുമെല്ലാം അവന് നന്നായിട്ടറിയാം. അതുകൊണ്ട് അത്തരമാളുകളോട് അല്ലാഹു തന്റെ സൗകര്യംപോലെ പെരുമാറുന്നു. എങ്കിലും ചിലപ്പോൾ യാത്രക്കാരുടേയും മറ്റും ചില ദുആകൾ അല്ലാഹു സ്വീകരിക്കാറുണ്ട്. അല്ലാഹു ദുആ സ്വീകരിക്കുന്നു ണ്ടെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനും അവർ അല്ലാഹുവിലേക്ക് എപ്പോഴും കുനിയുന്നതിനും വേണ്ടിയാണിത്. അല്ലാഹു ദാസന്മാരോട് ഒരിക്കലും അനീതി കാണിക്കുകയില്ല. അവനെപ്പോഴും അവരെ തന്റെ സ്നേഹത്തിന്റെ മടിത്തട്ടിലേക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. അവനു തന്റെ ദാസൻ തന്റെ അടുത്തേക്കു വരുകയും ആത്മാർഥമായി അവന്റെ കാര്യങ്ങൾ അനുസരിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ എത്രമാത്രം സന്തോഷമാണുണ്ടാകുന്നതെന്നാൽ അത്രയും സന്തോഷം ഒരു മാതാവിന് തന്റെ നഷ്ടപെട്ട കുട്ടിയെ തിരിച്ചുകിട്ടുമ്പോഴോ മരുഭൂമിയിൽ തന്റെ സാധന സാമഗ്രികളുമായി നഷ്ടപെട്ട ഒട്ടകത്തെ തിരിച്ചു കിട്ടുമ്പോൾ ഒരു വഴിപോക്കനോ ഉണ്ടാകുന്നതല്ല. ഇത്തരം ഉദാഹരണങ്ങൾ നമുക്ക് നല്കിക്കൊണ്ടു നബി(സ)തിരുമേനി പറയുന്നു, അല്ലാഹുവിനു ഈ രീതിയിലുള്ള സന്തോഷമാണുണ്ടാകുന്നത്.' *(സ്വഹീഹുൽബുഖാരി, കിതാബുൽ അദബ്, ഹദീഥ് 5999, കിതാബുദ്ദഅ്‌വാത്ത്, ബാബു അത്തൗബ, ഹദീഥ് 6309)*

അതുകൊണ്ട് നമ്മൾ തന്നെയാണ് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നതിൽ വീഴ്ച കാണിക്കുന്നത്. എന്നിട്ട് അല്ലാഹു നമ്മുടെ ദുആകൾ സ്വീകരിക്കുന്നില്ലെന്ന് പരാതിയും പറയുന്നു. ഈ നിലയ്ക്കും നമ്മൾ വിലയിരുത്തേണ്ടതാണ്. ഈ റമളാനെ അല്ലാഹുവിനെ പ്രാപിക്കുന്നതിനുള്ള മാർഗമാക്കാൻ അവന്റെ ആജ്ഞകൾക്കനുസരിച്ച് പൂർണമായും ശ്രമിക്കുമെന്നതാണെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്.

എത്തരത്തിലുള്ള അവസ്ഥകളിലൂടെ കടന്നു പോകേണ്ടി വന്നാലും എത്ര നീണ്ട കാലം നമുക്ക് ജിഹാദു ചെയ്യേണ്ടി വന്നാലും അല്ലാഹുവിന്റെ സ്നേഹവും സാമീപ്യവും കരസ്ഥമാക്കാൻ ജിഹാദു ചെയ്തുകൊണ്ടിരിക്കുമെന്നും നമ്മുടെ വിശ്വാസങ്ങളെ ഏറ്റവുമധികം സുദൃഢമാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുമെന്നും നമ്മൾ പ്രതിജ്ഞ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള അവസ്ഥ നമുക്കുണ്ടാകുകയാണെങ്കിൽ നമ്മൾ ദുആ സ്വീകാര്യതയുടെ അത്ഭുതങ്ങൾ കാണുന്നവരായി മാറുന്നതായിരിക്കും. ഇതു വെറും പറച്ചിലല്ല. മറിച്ച് ഈ സ്ഥാനം കരസ്ഥമാക്കിയവരും ഇപ്പോൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നവരുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ആയത്ത് അവതരിച്ചിട്ട് 1300 വർഷം കഴിഞ്ഞിരിക്കുന്നു. ഈ ആയത്തിലെ വിഷയമനുസരിച്ച് ഈ കാലഘട്ടത്തിനിടയിൽ പരിശ്രമങ്ങൾ നടത്തിയവരെല്ലാം **ല നഹ്ദിയന്നഹും** എന്ന വാഗ്ദാനത്തിൽ പങ്കുപറ്റിയവരാണെന്നതിൽ ഒരു സംശയവുമില്ല. ഇപ്പോഴും ഭാഗഭാക്കാകുന്നു. മേലിലും അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്യും. *(അൽഹകു മുബാഹഥ ദഹ്‌ലീ, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 192)*

അതിനാൽ നമ്മൾ പരിശ്രമിക്കേണ്ടത് അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകാനാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനും അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കാനും വിശുദ്ധ ഖുർആനിന്റെ എഴുനൂറോ അതിലധികമോ കല്പനകൾക്കനുസൃതം മുന്നേറാനും വിശ്വാസം പൂർത്തീകരിക്കാനും അല്ലാഹുവിന്റെ സ്വിഫത്തുകളെ സ്വായത്തമാക്കാനുമുള്ള ജിഹാദിൽ ഒരിക്കലും കുറവു വരുത്താൻ പാടില്ല. നമ്മുടെ ഓരോ ചുവടും നന്മയിലേക്ക് മുന്നേറാനുള്ള ചുവടായിരിക്കണം. ഈ റമളാൻ നമ്മുടെ ഈ ജിഹാദിനുള്ള നാഴികക്കല്ലായി മാറണം.

ഈ വിഷയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റു ചില ഉദ്ധരണികളുടെ വെളിച്ചത്തിൽ വിശദീകരിക്കാം. ഈ വിഷയം കൂടെക്കൂടെ കേട്ടുകൊണ്ട് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഇത് നമ്മുടെ യഥാർഥ ജീവിതത്തിന്റെ ഭാഗമാക്കുകയാണെങ്കിൽ ഒരു വലിയ വിപ്ലവം നമുക്ക് ലോകത്ത് ഉണ്ടാക്കാൻ കഴിയുന്നതാണ്.

ആ മഹാത്മാവ് പറയുന്നു: 'നമ്മുടെ ഭൗതിക ജീവിതത്തിൽ വ്യക്തമായും കാണാൻ കഴിയുന്നത് നമ്മുടെ ഓരോ കർമത്തിനും ഒരു പരിണിതഫലം തീർച്ചയായുമുണ്ടെന്നാണ്. ഈ പരിണിതഫലം അല്ലാഹുവിന്റെ കർമമാകുന്നു. അതുപോലെതന്നെ ദീനിനെ സംബന്ധിച്ചും ഇതേ നിയമമാണുള്ളത്. അല്ലാഹു രണ്ടു ഉദാഹരണങ്ങളിലൂടെ വ്യക്തമായും പറയുന്നു: **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ**(29:70) **ഫലമ്മാ സാഗൂ അസാഗല്ലാഹു ഖുലൂബഹും,** അതായത് അല്ലാഹുവിനെ അന്വേഷിക്കുന്നതിൽ പൂർണമായും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഈ കർമത്തിന് തീർച്ചയായും നമ്മുടെ പ്രതിപ്രവർത്തനം അവർക്കു നാം നമ്മുടെ മാർഗ്ഗങ്ങൾ കാണിച്ചു കൊടുക്കുക എന്നതാണ്. എന്നാൽ, വക്രത സ്വീകരിക്കുകയും നേർമാർഗത്തിൽ ചരിക്കാൻ ആഗ്രഹിക്കാതിരിക്കുകയുമാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രതിപ്രവർത്തനം നാം അവരുടെ ഹൃദയങ്ങളെ വക്രമാക്കും എന്നതാണ്.' *(ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാല്യം 10, പേജ് 389)*

ഇതിനെ മറ്റൊരു രീതിയിൽ ആ മഹാത്മാവ് അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: നമ്മുടെ മാർഗം കരസ്ഥമാക്കുന്നതിനുവേണ്ടി നിങ്ങൾ ജിഹാദു ചെയ്ത് നമ്മുടെ കൃപ ആഗ്രഹിക്കുന്നുവെങ്കിൽ അതിന് നെഗറ്റീവായ വശവുമുണ്ടെന്ന് ഓർക്കുക. നമ്മുടെ മാർഗത്തിൽ ചലിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ഹൃദയവും വളഞ്ഞുപോകുന്നു എന്നതാണത്. ദുആ സ്വീകരിക്കപ്പെടുന്നത് ഒരു ഭാഗത്ത് നിൽക്കട്ടെ, അല്ലാഹു പറഞ്ഞ മാർഗ്ഗത്തിൽ നടക്കുന്നില്ലെങ്കിൽ നിങ്ങൾ ശയ്ത്വാന്റെ മടിത്തട്ടിൽ പോയി വീഴുന്നതാണ്. ശയ്ത്വാന്റെ മടിത്തട്ടിൽ വീഴുന്ന മനുഷ്യൻ തന്റെ ഇഹലോകവും അതിന്റെ പര്യവസാനവും രണ്ടും മോശമാക്കുന്നവനായി മാറുന്നു. അതിനാൽ ഈനിർദേശത്തിൽ സന്തോഷവാർത്ത നൽകുന്നതോടൊപ്പം തന്നെ മറുഭാഗത്ത് മുന്നറിയിപ്പും നൽകുകയാണ്.'

ഇനി മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് അതിനു വിശദീകരണം നൽകികൊണ്ടു പറയുന്നു: 'മനുഷ്യന്റെ ഹൃദയത്തിൽ പലതരത്തിലുള്ള അവസ്ഥകളുമുണ്ടായിക്കൊണ്ടിരിക്കുന്നു. അവസാനം അല്ലാഹു ശുദ്ധമനസ്കരായ ആളുകളുടെ ദൗർബല്യങ്ങൾ അകറ്റുന്നു. പരിശുദ്ധിയുടെയും നന്മയുടെയും ശക്തി ഔദാര്യമെന്ന നിലയ്ക്ക് നൽകുകയും ചെയ്യുന്നു. അപ്പോൾപ്പിന്നെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അനിഷ്ടകരമായതെല്ലാം അയാളുടെ ദൃഷ്ടിയിലും അനിഷ്ടകരമായിരിക്കും. അല്ലാഹുവിന് ഇഷ്ടപ്പെട്ട മാർഗ്ഗങ്ങളെല്ലാം അയാൾക്കും ഇഷ്ടപ്പെട്ടതായിരിക്കും. അതിനു ശേഷം ദൗർബല്യമില്ലാത്തവിധം ഒരു ശക്തി അയാൾക്ക് ലഭിക്കുന്നതാണ്. അയാൾക്കു ലഭിക്കുന്ന ആവേശത്തിനുശേഷം അലസത ഉണ്ടാകുന്നതല്ല. അയാൾക്ക് നൽകപ്പെടുന്ന തഖ്‌വ(ഭക്തി)ക്കുശേഷം പാപവും ഉണ്ടാകുന്നതല്ല. ഔദാര്യവാനായ നാഥൻ അവനോട് സംപ്രീതനാകുന്നു. അതിനുശേഷം വഴി പിഴക്കുന്നതല്ല. പക്ഷേ, ഈ അനുഗ്രഹം വളരെ ശേഷമാണു ലഭ്യമാകുന്നത്. ആദ്യമൊക്കെ മനുഷ്യന് തന്റെ ബലഹീനതകൾകൊണ്ട് ഒരുപാടു ഇടർച്ചകൾ അനുഭവിക്കുന്നു. അധഃപതനത്തിൽ വീഴുകയും ചെയ്യുന്നു. പക്ഷേ, അവസാനം അവൻ സത്യസന്ധനാണെന്ന് കാണുമ്പോൾ ഉന്നതമായൊരുശക്തി അവനെ പിടിച്ചു വലിക്കുന്നു. അതായത് അല്ലാഹുവന്റെ ശക്തി അവനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. ഇതിലേക്ക് സൂചന നൽകികൊണ്ടു അല്ലാഹു പറയുന്നു. **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ.** അറബിഭാഷയിൽത്തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അതായത് **നുഥബ്ബിത്തുഹും അലത്തഖ്‌വാ വൽഈമാനി വ നഹ്ദിയന്നഹും സുബുലൽമഹബ്ബത്തി വൽഇർഫാനി വസനുയസ്സിറുഹും ലി ഫിഅ്‌ലിൽഖയ്റാത്തി വ തർക്കിൽഇസ്‌യാനി** *(തഫ്സീർ ഹദ്റത്ത് മസീഹുമൗഊദ്(അ)വാല്യം 3, പേജ് 626)*

അതായത് നാം അവരെ തഖ്‌വയിലും ഈമാനിലും ഉറപ്പിച്ചു നിറുത്തുന്നതാണ്. തീർച്ചയായും അവർക്ക് സ്നേഹത്തിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും വഴികളിലേക്ക് മാർഗ്ഗദർശനം നൽകുന്നതാണ്. അവർക്ക് സൽകർമങ്ങൾ ചെയ്യാനും പാപങ്ങളെ ഉപേക്ഷിക്കാനും തൗഫീഖ് നൽകുന്നതുമാണ്.

ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) **വല്ലദീന ജാഹദൂ ഫീനാ** എന്നതിനെ ഉദ്ധരിച്ചുകൊണ്ട് വ്യത്യസ്ത രീതിയിൽ നമുക്ക് ഉപദേശങ്ങൾ നൽകുകയും അറിവിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും കവാടങ്ങൾ തുറക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ പ്രകൃതത്തിന്റെ രേഖാചിത്രം വിവരിച്ചുകൊണ്ടു പറയുന്നു: 'മനുഷ്യന് ഒരവസ്ഥയിൽത്തന്നെ സ്ഥിരമായി നിൽക്കാൻ സാധ്യമല്ല. കയറ്റവും ഇറക്കവും മനുഷ്യപ്രകൃതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ശുദ്ധപ്രകൃതമുള്ള ആൾ തന്റെ ദൗർബല്യാവസ്ഥയിലും പാഠമുൾക്കൊള്ളുന്നു. പശ്ചാത്താപവും പാപപ്പൊറുതിയും തേടുന്നു. അല്ലാഹുവിനു മുന്നിൽ കുനിയുന്നു. തന്റെ ന്യൂനതകളിൽ ലജ്ജിച്ചുകൊണ്ട് അല്ലാഹുവിന്റെ അന്വേഷണത്തിനൽ ജിഹാദ് ചെയ്യാൻ നിൽക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ സ്നേഹം വിജ്രംഭിതമാകുകയും അവന്റെ പൊറുമ ആവേശത്തിലാകുകയും അവൻ തന്റെ ദാസനിലേക്ക് ഓടിവരികയും അവന് പരിശുദ്ധവും നന്മനിറഞ്ഞതുമായ ശക്തികൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. മനുഷ്യനിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരിശുദ്ധിയാർജിക്കാനും നന്മചെയ്യാനുമുള്ള ശക്തി ഉണ്ടാകുമ്പോൾ, അവന്റെ കർമങ്ങളോരോന്നും അവന്റെ പ്രീതി കരസ്ഥമാക്കുന്നതായിത്തീരുന്നു.

എല്ലാതരം ന്യൂനതകളിൽനിന്നും അലംഭാവത്തിൽനിന്നും അവൻ പരിശുദ്ധനാക്കപ്പെടുന്നു. അവൻ തഖ്‌വാ(ഭക്തി)യിൽ ചരിക്കുന്നവനായി മാറുന്നു. തിന്മകളിൽനിന്ന് രക്ഷപ്പെടുത്തപ്പെടുകയും ചെയ്യുന്നു. അവൻ അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുന്ന മനുഷ്യനായി മാറുന്നു. പിന്നെ അവനിൽ നിന്നൊരിക്കലും അല്ലാഹുവിനെ വെറുപ്പിക്കുന്ന തെറ്റുകളുണ്ടാകുന്നതല്ല. അവിടന്ന് പറഞ്ഞു: എന്നാൽ, ഓർക്കുക! ഈ അവസ്ഥ കരസ്ഥമാക്കുന്നതിന് സുസ്ഥിരമായസ്വഭാവത്തോടുകൂടി പരിശ്രമിക്കേണ്ടിയിരിക്കുന്നു. താൽക്കാലിക ശ്രമമല്ല, സ്ഥായിയായ ശ്രമം അനിവാര്യമാണ്. പിന്നെ ഈ നന്മകളുടെയും ദുആകളുടെയും സ്വീകാര്യതയുടെയും ദൃശ്യങ്ങൾ ജീവിതത്തിന്റെ ഭാഗമായി മാറുന്നതായിരിക്കും.

മറ്റൊരു സ്ഥലത്ത് പറയുന്നു: 'നമ്മുടെ

ശേഷം പേജ് 9 ൽ

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**
*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അല്ലാഹുവിന്റെ കലാം •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ."** *(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 7 ലക്കം 17 പേജ് 8, കോളം 3-ൽനിന്ന്)

**2019 ഒക്ടോബർ 20, ഞായറാഴ്ച**

രാവിലെ 07.00 മണിക്ക് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. തുടർന്ന് ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

**കുടുംബങ്ങളുമായുളള കൂടിക്കാഴ്ച**

രാവിലെ 11 മണിക്ക് ഓഫീസിലെത്തിയ ഹുദൂർ കുടുംബങ്ങളുമായുളള കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് രാവിലെ നടന്ന ഈ സെഷനിൽ 39 കുടുംബത്തിൽനിന്നുളള 146 അംഗങ്ങളും വ്യക്തിപരമായി 13 പേരുമാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തിയത്. ജർമനിയിലെ 29 ജമാഅത്തുകളിൽ നിന്നു വന്നവരാണിവർ. ഇവരിൽ ചില കുടുംബങ്ങളും വ്യക്തികളും വളരെ ദൂര യാത്ര ചെയ്താണ് എത്തിയത്.

ഡസ്സൽഡോർഫിൽ(Dusseldorf)നിന്നു വന്നവർ 250 കിലോമീറ്ററും ഇമഹം-ൽ നിന്നു വന്നവർ 285 കിലോമീറ്ററും മ്യൂണിച്ചിൽനിന്നു വന്നവർ 405 കിലോമീറ്ററും താണ്ടിയാണെത്തിയത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ വാത്സല്യത്തോടെ പേനയും ചെറിയകുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 2. മണിവരെ നീണ്ടു നിന്നു.

**ബയ്ത്തുൽഹമീദ് മസ്ജിദിന്റെ ഉൽഘാടനം**

ഫ്രാങ്ക്ഫർട്ടിൽനിന്നു 115 കിലോമീറ്റർ ദൂരെ സ്ഥിതി ചെയ്യുന്ന ഫുൽഡാ(Fulda)നഗരത്തിൽ നിർമിതമായ ബയ്ത്തുൽഹമീദ് മസ്ജിദിന്റെ ഉൽഘാടനമായിരുന്നു ഇന്ന്.

3.45-ന് ഹുദൂർ താമസസ്ഥലത്തു നിന്നു പുറത്തു വരികയും ഫുൽഡാ നഗരത്തിലേക്ക് പുറപ്പെടുകയും ചെയ്തു. ഏകദേശം 1 മണിക്കൂർ 15 മിനിറ്റു യാത്രയ്ക്കുശേഷം 5.00 മണിക്ക് മസ്ജിദ് ബയ്ത്തുൽ ഹമീദ് അങ്കണത്തിലെത്തി. ഹുദൂറിന്റെ വരവ് പ്രതീക്ഷിച്ചുനിന്ന തദ്ദേ ജമാഅത്തിലെ ആബാലവൃന്ദം ജനങ്ങൾ ഹുദൂറിന്റെ യാത്രാ വാഹനം മസ്ജിദിന്റെ മുറ്റത്തു പ്രവേശിച്ചതും വളരെ ആവേശത്തോടെ ഹുദൂറിനെ വരവേറ്റു. ആൺകുട്ടികളും പെൺകുട്ടികളും സ്വാഗതഗാനവും പ്രാർഥനാ ഗാനവും ആലപിച്ചു. സ്ത്രീകൾ കൈകളുയർത്തിയാണ് പ്രിയ ഹുദൂറിനെ സ്വീകരിച്ചത്. ഇന്നത്തെ സുദിനം ഫുൽഡാ ജമാഅത്തിന് സന്തോഷങ്ങളുടേയും സായൂജ്യങ്ങളുടേയുമായിരുന്നു.

ഹുദൂറിന്റെ അനുഗ്രഹീത പാദസ്പർശം ഈ പ്രദേശത്ത് രണ്ടാമത്തെ പ്രാവശ്യമാണുണ്ടാകുന്നത്. ഇന്ന് ഇവരുടെ മസ്ജിദുൽഘാടനം നടക്കുകയാണ്. സന്തോഷപുളകിതരായിരുന്ന ഓരോ വ്യക്തിയിൽനിന്നും **അഹ്‌ലൻ വ്വ സഹ്‌ലൻവ്വ മർഹബാ**യുടെ വിളിനാദങ്ങൾ അന്തരീക്ഷത്തിൽ മുഖരിതമായി. ഫുൽഡാ ജമാഅത്ത് സ്വദ്ർ നജ്മുഥ്ഥാഖിബു സാഹിബും മിഷണറി ഇഅ്ജാസ് അഹ്മദ് ജൻജൂഅയും ചേർന്ന് ഹുദൂറിന് സ്വാഗതം ചെയ്തു.

അതിനുശേഷം മസ്ജിദിന്റെ പുറംഭിത്തിയിൽ സ്ഥാപിച്ചിരുന്ന ഫലകം ഹുദൂർ അനാച്ഛാദനം ചെയ്തു. ഈ അവസരത്തിൽ ചുവടെ ചേർക്കുന്ന മാധ്യമ പ്രതിനിധികളും സന്നിഹിതരായിരുന്നു.

ഹേയ്സൻ സംസ്ഥാനത്തിലെ H R റേഡിയോ നിലയത്തിന്റെ പ്രതിനിധി, ഒസ്ത്തേസൻ ന്യൂസ് (Osthessen News) പത്രത്തിന്റെ പ്രതിനിധി, ഫുൽഡാ സെയ്ത്തുംഗ്(Fulda Zeitung)പത്രത്തിന്റെ പ്രതിനിധി.

അതുകഴിഞ്ഞ് ഹുദൂർ മസ്ജിദു ഹാളിലേക്ക് പോയി. മസ്ജിദിന്റെ സ്കെച്ച് അന്വേഷിച്ച ഹുദൂർ സ്കെച്ചിൽ ചെറിയമാറ്റം വരുത്തിയിരുന്നെങ്കിൽ മസ്ജിദിന്റെ പിൻഭാഗത്ത് പൂർണമായ സ്വഫ്ഫു കൊണ്ടു വരാൻ കഴിയുമായിരുന്നുവെന്ന് പറഞ്ഞു.

ഹുദൂർ ള്ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. ഇതോടെ മസ്ജിദിന്റെ ഉൽഘാടനം ഔദ്യോഗികമായി നടന്നു. തുടർന്ന് ഹുദൂർ ലജ്നാ ഹാൾ സന്ദർശിച്ചു. പെൺകുട്ടികൾ വിവിധ ഗ്രൂപ്പുകളിലായി പദ്യങ്ങളും പ്രാർഥനാ ഗീതങ്ങളും ആലപിച്ചു. ചെറിയകുട്ടികൾക്ക് ചോക്ലേറ്റ് നല്കിയ ഹുദൂറിനെ എല്ലാ ലജ്നകൾക്കും ദർശനം നടത്താൻ സാധിച്ചു.

ശേഷം ഹുദൂർ പുറത്ത് മസ്ജിദിന്റെ അങ്കണത്തിൽ വരികയും ഒരു ചെടി നടുകയും ചെയ്തു. മുമ്പേ നിർമ്മിച്ച കെട്ടിടം ഹുദൂർ നോക്കിക്കണ്ടു. കുറച്ചു സമയത്തേക്ക് ഹുദൂർ മുബല്ലിഗ് ഇഅ്ജാസ് അഹ്മദ് ജഞ്ചൂഅ സാഹിബിന്റെ വീട്ടിലുംപോയി. ഈ കോർട്ടേഴ്സും ഈ ബിൽഡിംഗിന്റെ ഭാഗമാണ്.

ഫുൽഡാ ജമാഅത്തിലെ അംഗമായ മിർസാ മസ്ഊദ് അഹ്മദ് സാഹിബിന്റെ വീട്ടിന് തറക്കല്ലിട്ടു. ഈ വീടിന്റ മുറ്റത്ത് ഒരു ചെടിയും നട്ടു. ഈ സമയത്ത് കുട്ടികൾ വരിയായി നിന്നിരുന്നു. ഇതിന്നു ശേഷം ഫുൽഡാ ജമാഅത്ത് മജ്‌ലിസെ ആമിലായ്ക്കും മസ്ജിദ് നിർമാണ വിഭാഗത്തിന്റേയും പ്രവർത്തകരുടേയും ടീമിനും ഹുദൂറിനോടൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ സൗഭാഗ്യം ലഭിച്ചു.

**ഫുൽഡാ പട്ടണവും മസ്ജിദും ഒരു ലഘു വിവരണം**

ഫുൽഡാ പട്ടണം ജർമനിയുടെ മധ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതു കത്തോലിക്കാ ചർച്ചിന്റെ സവിശേഷമായ പ്രദേശമാണ്. ഈ പട്ടണം ആരംഭത്തിൽത്തന്നെ ക്രിസ്തു മതത്തിന്റെ ഒരു സുപ്രധാന കേന്ദ്രമാണ്. ഈ പട്ടണത്തിൽ ജമാഅത്തിന്റെ സ്ഥാപനം 1980 കളിലായിരുന്നു. തുടക്കത്തൽ പത്തു മുതൽ 15 വരെ കുടുംബങ്ങൾ ഇവിടെ താമസമായി. ജമാഅത്തിന്റെ എണ്ണത്തിൽ അസാധാരണ വർധനയുണ്ടായി. 1993-ൽ ഇവിടുത്തെ ജമാഅത്തിനെ 2 ഭാഗമാക്കി; ഫുൽഡാ ഈസ്റ്റും ഫുൽഡാ വെസ്റ്റും. മസ്ജിദിനുവേണ്ടി 3478 ചതുരശ്രമീറ്റർ സ്ഥലം 2013-ൽ മൂന്ന് ലക്ഷത്തി 50 ആയിരം യൂറോയ്ക്കു വാങ്ങി. 2013 ജൂൺ 26-ന് ഹുദൂർ തന്റെ സന്ദർശനത്തിന്നിടയിൽ മസ്ജിദിനു തറക്കല്ലിട്ടു. ഈ മസ്ജിദിൽ 420 പേർക്ക് നമസ്കാരം നിർവഹിക്കാം. മസ്ജിദിന് 6 മീറ്റർ വിസ്താരമുള്ള ഗുംബദും 2 മിനാരവുമുണ്ട്. 2 ഹാൾ നമസ്കരിക്കാനും 4 ഓഫീസുകളും ലൈബ്രറി, കിച്ചൺ, സ്റ്റോർ, മുറബ്ബി ഹൗസ് എന്നിവയുമുണ്ട്. ഈ മസ്ജിദിന്റെ നിർമാണത്തിന് 1.6 മില്യൺ യൂറോയാണ് ചെലവായത്.

**മസ്ജിദ് ബയ്ത്തുൽ ഹമീദ് ഉൽഘാടന പരിപാടി**

ഫുൽഡാ മസ്ജിദിന്റെ ഉൽഘാടനവുമായി ബന്ധപ്പെട്ട് ഒരു സവിശേഷ പരിപാടി ഫുൽഡാ പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന മറയ്റ്റിം (MARITIM)ഹോട്ടൽ ഹാളിൽ നടന്നു. 330 അതിഥികൾ ഇതിൽ പങ്കെടുത്തു. ഇവരിൽ ചുവടെ പേരുചേർക്കുന്ന വിശിഷ്ട വ്യക്തികളും പങ്കെടുത്തിരുന്നു:

ലോഡ്മേയർ ഫുൽഡാ Mr.Heiko Wingen Feld, മുൻ പാർലമെന്റംഗം Mr.Birgit Kompel, ചെയർമാൻ റൗണ്ട് ടേബിൾ ഓഫ് റിലീജ്യൻസ് ഫുൽഡാ Kurt Albrecht, Luther Church ചെയർമാൻ Sara Kautzsch, ചെയർമാൻ SPDകൗൺസിൽ ഫുൽഡാ Josef Benkner, ചെയർമാൻ ഗ്രീൻപാർട്ടി കൗൺസിൽ ഫുൽഡാ Kurt Albrecht Alja Epp.Naliwalko, ചെയർമാൻ ലിബറൽ പാർട്ടി കൗൺസിൽ ഫുൽഡാ Jurgen Plappert.

ഇതിനുപുറമെ വിവിധ പ്രദേശങ്ങളിൽ നിന്നു വന്ന മേയർമാർ, കൗൺസിൽ അംഗങ്ങൾ, സർക്കാർ ഓഫീസുകളിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, പ്രൊഫസർമാർ, ഡോക്ടർമാർ, അധ്യാപകർ, വക്കീലുമാർ, ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന വ്യക്തികളും ഇതിൽ പങ്കെടുത്തിരുന്നു.

05.45-ന് ഹുദൂർ മസ്ജിദ് ബയ്ത്തുൽ ഹമീദിൽനിന്നു പുറപ്പെട്ടു. പോലീസ് അകമ്പടിയോടെയാണ് ഹുദൂർ യാത്ര പുറപ്പെട്ടത്. 06.00 മണിക്ക് മറയ്റ്റിം(MARITIM)ഹോലിലെത്തിയ ഹുദൂറിനെ പുറത്തെ കവാടത്തിൽ ഫുൽഡാ ലോഡ്മേയർ Mr.Heiko Wingen Feld സ്വീകരിച്ചു. ഹുദൂറിന്റെ ആഗമനത്തിനു മുമ്പേ എല്ലാ അതിഥികളും തങ്ങളുടെ കസേരകളിൽ ഉപവിഷ്ഠരായിരുന്നു. ഹാഫിള് ദാകിർ മുസ്‌ലിം ബട്ട് സാഹിബിന്റെ തിലാവത്തോടെ പരിപാടിയ്ക്ക് സമാരംഭം കുറിച്ചു. ഡോക്ടർ റാണാ മുകർറം അഹ്മദ് സാഹിബ് ജർമൻ തർജജമ സമർപ്പിച്ചു.

ജർമനി നാഷണൽ അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ് ആമുഖ പ്രഭാഷണം നടത്തി. അതിഥികളെ സ്വാഗതം ചെയതിനുശേഷം ഫുൽഡാ പട്ടണത്തെ കുറിച്ചും ജമാഅത്തിനെ കുറിച്ചും അദ്ദേഹം പരിചയപ്പെടുത്തി. അമീർ സാഹിബ് പറയുന്നു:

ഫുൽഡായിൽ അഹ്മദികളുടെ എണ്ണം ഏകദേശം 450 ആണ്. 1984-ൽ ആദ്യമായി അഹ്മദികൾ ഇവിടെ താമസമാക്കി. 1990ൽ ഒരു ചെറിയ വീട് വാടകക്ക് നമസ്കാര സെന്ററിനായി വാങ്ങി. ഫുൽഡാ പട്ടണത്തിൽ ആരംഭം മുതലേ സർവമത സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. തബ്‌ലീഗു സംബന്ധമായ പഠനങ്ങൾ നടത്തിയിരുന്നു.

ഹേസ്സൻ സംസ്ഥാനത്തിലെ ഏറ്റവും വലിയ

പട്ടണമാണ് ഫുൽഡാ. ഇതിന്റെ ആരംഭം ശിലായുഗവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. ഈ പട്ടണത്തിന്റെ ജനസംഖ്യ 7 ലക്ഷമാണ്. ഈ പട്ടണത്തിന്റെ സവിശേഷ പ്രസിദ്ധിക്കു കാരണമായി ഭവിച്ചത് ക്രിസ്തു വർഷം 744 ഓളം പുരാതനമായ ഇതിന്റെ ക്ലോയിസ്റ്ററാണ്. (ചർച്ചിലേക്കുള്ള വില്ല് രൂപത്തിൽ മൂടപ്പെട്ട വഴി). ക്രിസ്തു മതത്തെ ജർമൻ പ്രദേശത്തു കൊണ്ടുവന്ന സെയിന്റ് ബോണിഫെയ്സാണ് ഇത് നിർമിച്ചത്. അതുപോലെതന്നെ ഈ പട്ടണം സ്വന്തം മ്യൂസിയങ്ങളുടെ കാര്യത്തിലും പ്രസിദ്ധമാണ്. കൂടാതെ പട്ടണത്തിൽ വളരെയധികം വിദ്യാഭ്യാസപരമായ സ്ഥാപനങ്ങളുമുണ്ട്. ഇതു കാരണത്താൽ വിദ്യാർഥികൾക്ക് ഈ പട്ടണം പ്രിയപ്പെട്ടതാണ്.

2009 മുതൽതന്നെ ഒരു മസ്ജിദിനുവേണ്ടി അന്വേഷണം തുടങ്ങിയിരുന്നു. ഒടുവിൽ2013-ൽ ഈ സ്ഥലം കിട്ടി. 2016- ഡിസംബറിൽ നിർമാണപ്രവർത്തനമാരംഭിച്ചു. 2013 ജൂൺ 26-ന് ഹുദൂർ മസ്ജിദ് ബയ്ത്തുൽഹമീദിന് തറക്കല്ലിട്ടു. ആകെ 1.06 മില്യൺ യൂറോ ചെലവായി. ഇതിൽ അധികം തുകയും ഫുൽഡാ ജമാഅത്തുതന്നെയാണ് വഹിച്ചത്.

ഒടുവിൽ അമീർ സാഹിബ് ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയവർക്ക് നന്ദി പറഞ്ഞു. ഇതിനു ശേഷം Luther Church ചെയർമാൻ Sara Kautzsch സദസ്സിനെ അഭിമുഖീകരിച്ചു സംസാരിച്ചു.

അവർ എല്ലാവർക്കും സ്വാഗതമോതി. സലാം ആശംസിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദ് ലൂതർ ചർച്ചിന്റെ അടുത്ത് സ്ഥിതി ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. അവർ തുടർന്ന് പറയുന്നു: അതുകൊണ്ടുതന്നെ ഈ പ്രദേശത്ത് താമസിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹിരിക്കുന്നതിന് എല്ലാവരും സഹായികളാകേണ്ടതാണ്. നമ്മളെല്ലാവരും ചേർന്ന് ഈ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്. ജനങ്ങളെ ദൈവവുമായി അടുപ്പിക്കേണ്ടതുണ്ട്. കാരണം നാമെല്ലാവരും ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. ആരാധന നിർവഹിക്കുന്നവരാണ്. ഇപ്രകാരം മാത്രമെ സമാധാനം സ്ഥാപിതമാകുകയുള്ളൂ.മറ്റു ക്രൈസ്തവ വിഭാഗത്തിന്റെ ഭാഗത്തുനിന്നുമുള്ള സലാമും അനുഗ്രഹാശിസ്സുകളും അവർ നേർന്നു. ഈ മസ്ജിദിന്റെ സ്ഥാപനത്തോടെ ഫുൽഡായിൽ കൂടുതൽ സമാധാനം പരക്കുമെന്ന് പ്രതീക്ഷിക്കുന്നു.'

മസ്ജിദ് നിർമാണം പൂർത്തിയായതിൽ ആശംസകൾ നേർന്ന അവർ ഈ ചടങ്ങിനോടനുബന്ധിച്ച് ഹുദൂറിന് ഒരു ഉപഹാരവും നല്കി.

തുടർന്ന് ഗ്രീൻപാർട്ടി കൗൺസിൽ ചെയർമാൻ ഫുൽഡാ Kurt Albrecht സാഹിബ് സദസ്സിനെ അഭിസംബോധനചെയ്തു. സദസ്യരെ സ്വാഗതം ചെയ്ത അദ്ദേഹം സദസ്സിനെ അഭിമുഖീകരിക്കാൻ തനിക്ക് അവസരം ലഭിച്ചതിൽ നന്ദി പ്രകാശിപ്പിച്ചു. ഫുൽഡാ പട്ടണത്തിൽ നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ളവർ ഐക്യത്തോടെ താമസിക്കുന്നുണ്ട്. ഇവർ വിവിധ മതങ്ങളുമായി ബന്ധമുള്ളവരാണ്. എല്ലാവരേയും ഒരുമിച്ചുമുന്നോട്ടുകൊണ്ടുപോകുന്ന സംഘടനകൾ അനിവാര്യമാണ്.

പിന്നീട് വിവിധ മതവിഭാഗങ്ങൾ പരസ്പരം കൂടിച്ചേരാനും സ്നേഹാനുകമ്പയോടെ പട്ടണത്തിൽ ജീവിക്കണമെന്ന ലക്ഷ്യമാണ് ഫുൽഡയിലെ റൗണ്ട് ടേബിൾ ഓഫ് റിലീജ്യൻസിന് ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് അദ്ദേഹം ഈ സംഘടനയെ ഇങ്ങനെ പരിചയപ്പെടുത്തി:ആരംഭം മുതലേ അഹ്മദിയ്യാ ജമാഅത്ത് ഇതിൽ ഉൾപ്പെട്ടിരുന്നു. ഇത്രയധികം മതങ്ങളും വിഭാഗങ്ങളും സംഘടിക്കുമ്പോൾ പരസ്പര സഹവർത്തിത്വത്തിനും പൊതുവായുള്ള മൂല്യങ്ങൾക്കും ഊന്നൽ നല്കേണ്ടത് അനിവാര്യമാണ്. സവിശേഷമായ നിലയിൽ മാനുഷിക മൂല്യങ്ങളിലും ദൃഷ്ടി വെക്കേണ്ടതാണ്. അപ്പോൾ മാത്രമേ എല്ലാ മനുഷ്യർക്കും സ്നേഹസമാധാനത്തിൽ ഒത്തുചേർന്ന് ജീവിക്കാന് കഴിയുകയുള്ളൂ. ഇന്നത്തെ ദിനം നിങ്ങളുടെ ജമാഅത്തിന് സുപ്രധാനമാണ്. നിങ്ങൾക്ക് സ്വന്തം ആവശ്യാനുസരണം പ്രോഗ്രാമുകൾ നടത്താനുള്ള ഒരു ഭവനം പ്രാപ്തമായിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

### അമീറുൽമുഅ്മിനീന്റെ പ്രഭാഷണം

തുടർന്ന് 6.25-ന് ഹുദൂർ സദസ്സിനെ സംബോധനചെയ്ത് സംസാരിച്ചു. തശഹ്ഹുദ്, തഅവ്വുദ് തസ്മിയ എന്നിവക്കുശേഷം ഹുദൂർ പറഞ്ഞു: ആദരണീയരായ അതിഥികളേ, *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്*. അല്ലാഹുവിന്റെ സമാധാനവും ശാന്തിയും നിങ്ങളെല്ലാവരുടേയുംമേൽ ഉണ്ടാകുമാറാകട്ടെ. ഈ മസ്ജിദിന്റെ പരിപാടിയിൽ പങ്കെടുക്കാൻ വന്നതിൽ ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തട്ടെ. അഹ്മദിയ്യാ ജമാഅത്തിന് സുനിശ്ചിതമായും വളരെ സന്തോഷമുള്ള അവസരമാണിത്; വിശിഷ്യാ, ഫുൽഡയിലുള്ളവർക്ക്. അല്ലാഹു സംഘടിക്കാനും നമസ്കരിക്കാനും ഒരു സ്ഥലം ഇവർക്ക് നല്കിയിരിക്കുന്നു. ഇനി വളരെ എളുപ്പത്തിൽ തങ്ങളുടെ അധ്യാപനമനുസരിച്ച് 5 നേരം നമസ്കാരം നിർവഹിക്കാനും ആരാധനാകർമങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ഒത്തുചേരാനും സാധിക്കുനന്താണ്. എന്നാൽ, ഈ ആരാധനാലയത്തിന്റെ സ്ഥല ലഭ്യതയും നിർമാണവും സാധ്യമാക്കുന്നതിൽ ഇവിടുത്തെ ജനങ്ങൾക്കും വളരെ വലിയ പങ്കുണ്ട്. ഈ അടിസ്ഥാനത്തിൽ നിങ്ങൾക്കെല്ലാവർക്കും ഈ പട്ടണവാസികൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. നിങ്ങളിവിടെ മസ്ജിദ് നിർമിക്കാൻ അനുമതി നല്കി. ഇതിന്റെ നിർമാണത്തിന് ഞങ്ങളെ സഹായിച്ച കൗൺസിലിനും നന്ദി, മേയർക്കും നന്ദി. എനിക്ക് വളരെയധികം മുഖങ്ങൾ കാണാൻ കഴിയുന്നുണ്ട്. അധികവും അഹ്മദികളല്ല, ഒരുപക്ഷേ, മുസ്ലിമീങ്ങളുമാകുകയില്ല. അഹ്മദീ മുസ്ലിമീങ്ങളെ കൂടാതെ ഒന്നോ രണ്ടോ മറ്റു മുസ്ലിമീങ്ങളുമുണ്ടാകാം. ഇവിടേക്കുള്ള നിങ്ങളുടെ വരവ് തുറന്ന ഹൃദയത്തെയാണ് കാണിക്കുന്നത്. ചരിത്രമനുസരിച്ച് ഈ പട്ടണത്തിൽ ക്രിസ്തുമതം വളരെ പുരാതനമാണ്. ഈ അടിസ്ഥാനത്തിൽ ക്രിസ്തുമതവുമായി ബന്ധപ്പെട്ട് ഇതിനു ചരിത്രപരമായ ഒരു പ്രബലതയുണ്ട്. ക്രിസ്തുമതവുമായി ബന്ധമുള്ള ഇവിടെ, മസ്ജിദ് നിർമിക്കുക എന്നത് ഇവരുടെ ശുദ്ധമായ ബുദ്ധിയേയും ചിന്തയേയുമാണ് വെളിപ്പെടുത്തുന്നത്. നിങ്ങളെല്ലാവരും മതങ്ങളോടൊപ്പം ചലിക്കാൻ ആഗ്രഹിക്കുന്നുവെന്നും ഇത് വ്യക്തമാക്കുന്നു. ഇവിടെ 100-ൽ അധികം ജനവിഭാഗങ്ങളും മതങ്ങളും താമസിക്കുന്നതായി റൗണ്ട് ടേബിളിന്റെ പ്രതിനിധി പറഞ്ഞിരുന്നു. ഇവരെല്ലാം ഈ പട്ടണത്തിൽ താമസിച്ചു വരുന്നതും ഇവിടുത്തെ ക്രൈസ്തവ ജനതയുടെ വിശാലമായ ഹൃദയത്തിന്റെ നിദർശനമാണ്. ഇക്കാര്യത്തിൽ ഞാൻ വീണ്ടും അവർക്ക് നന്ദി പറയാനാ ഗ്രഹിക്കുന്നു.

ലോകം ഒന്നായി കഴിഞ്ഞിരിക്കുന്ന ഇക്കാലഘട്ടത്തിൽ പത്രമാധ്യമങ്ങളിലൂടെയും ടീ.വിയിലൂടെയും ഇന്റർനെറ്റിലൂടെയും ട്രാൻസ്പോർട്ടിലൂടെയും ലോകത്തെ ഒന്നാക്കിയിരിക്കുന്നു. നൂറുവർഷം മുമ്പേ ദിനങ്ങളും മാസങ്ങളും എടുത്തിരുന്ന യാത്രകൾ ഇപ്പോൾ മണിക്കൂറുകൾകൊണ്ട് നടക്കുന്നു. ഈ അടിസ്ഥാനത്തിലും ഇപ്പോൾ നമ്മൾ ഒന്നായിരിക്കുന്നു. ലോകത്തിന്റെ പുരോഗതി നമ്മെ ഒന്നാക്കിയിരിക്കുന്നുവെന്നാണ് നമ്മൾ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. എന്നാൽ, നമ്മുടെ കൂടിച്ചേരലിനെ സ്വന്തം പ്രയോജനത്തിനുവേണ്ടി ഉപയോഗിക്കുമ്പോഴാണ് ഈ പുരോഗതികൊണ്ട് ഫലമുണ്ടാകുക. ഹൃദയങ്ങളിൽ പരസ്പരം ആശങ്കകളും ഭയവുമുണ്ടാകുന്നതിനു പകരം നന്മകളുടെ വികാരമാണ് ഉണ്ടാകേണ്ടത്. തന്മൂലം ഇക്കാര്യങ്ങളിൽനിന്നു ഫലമെടുക്കാവുന്നതാണ്. ഇതു ജനങ്ങളെഒന്നാക്കുന്നു. ലോകമൊരു ആഗോള ഗ്രാമമായി തീർന്നിരിക്കുകയാണ്.

ഇവിടെ ഒരു മ്യൂസിയവുമുള്ളതായി നമ്മുടെ നാഷണൽ അമീർ സാഹിബ് പറഞ്ഞിരുന്നു. ഈ മ്യൂസിയത്തിൽ തീർച്ചയായും പൗരാണിക വസ്തുക്കളും സൂക്ഷിച്ചിട്ടുണ്ടാകും. പൗരാണിക വസ്തുക്കൾ സംരക്ഷിക്കുക എന്നതു വളരെ നല്ല കാര്യമാണ്. പൗരാണിക വസ്തുക്കളെ അപ്പോൾ മാത്രമേ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇതിന്റെ സൽഫലമെടുക്കുകയും കഴിഞ്ഞ കാലങ്ങളിലുണ്ടായ നഷ്ടങ്ങളെ കുറിച്ച് ബോധവാന്മാരാകുകയും അനുഭവങ്ങളിൽനിന്നു ഫലമെടുക്കുകയും ചെയ്തെങ്കിൽ മാത്രമേ കോട്ടങ്ങളിൽ നിന്നു ഭാവിയിൽ സുരക്ഷിതരാകാൻ സാധിക്കുക


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*


**താലിബെ ദുആ: K.Muhammad Shareef &Family**

**Ahmadiyya Jama-ath Vaniyambalam, Kerala**

യുള്ളു. മുസ്‌ലിമായാലും ക്രിസ്ത്യാനിയായാലും അല്ലെങ്കിൽ മറ്റേതു മതവുമായി ബന്ധപ്പെട്ട വ്യക്തിയായാലും നിർമതനായാലും ഇവിടെ താമസിക്കുന്നവർ ഇതിൽനിന്നു ഫലമെടുക്കേണ്ടതാണ്. ഇവിടെ പഠനങ്ങൾക്കുള്ള അവസരങ്ങളുമുണ്ട്. ഈ സ്ഥലം വിദ്യാഭ്യാസപരമായി വളരെ പ്രാധാന്യമുള്ളതാണ്. ഇവിടുത്തെ ജനങ്ങളിൽ വിദ്യാഭ്യാസത്തിലേക്ക് താൽപര്യമുണ്ട്. ഹൃദയങ്ങൾ തുറക്കുമ്പോഴാണ് വിദ്യ നേടുന്നവർക്ക് അതുകൊണ്ട് ഫലമുണ്ടാകുകയുള്ളൂ. ഹൃദയങ്ങളിൽ പ്രകാശം സൃഷ്ടിക്കുന്നതാണ് യഥാർഥ വിദ്യാഭ്യാസം. ഇതു മുഖേന മനസ്സിൽ വിശാലതയുമുണ്ടാകുന്നു. വിശാലത കാണിക്കാനുള്ള ധൈര്യവും കൈവരുന്നു. കൂടാതെ പരസ്പരമുള്ള ആദരവിന്റെ തോന്നലുമുണ്ടാകേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ഫലം അപ്പോഴാണ് ലഭിക്കുന്നത്. വിശാലത കാണിക്കാനുള്ള സ്ഥൈര്യമില്ലെങ്കിൽ, പരസ്പരമുള്ള വികാരങ്ങളിലേക്ക് ശ്രദ്ധ നല്കുന്നില്ലെങ്കിൽ, പരസ്പരം പരിപാടികളിൽ പങ്കെടുക്കുന്നില്ലെങ്കിൽ, സന്തോഷവേളകളിൽ പങ്കെടുക്കാനുള്ള വിശാലത ഇല്ലെങ്കിൽപ്പിന്നെ വിദ്യ പ്രയോജന രഹിതമാണ്. ഈ അർഥത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. തികച്ചും മതപരമായി നേരിട്ട് ബന്ധമില്ലാത്ത ഇവിടുത്തെ പരിപാടിയിൽ പങ്കെടുക്കാൻ വന്നിരിക്കുന്ന വ്യക്തികളുടെ മുഖങ്ങൾ എനിക്ക് കാണാൻ കഴിയുന്നു. ഇവിടെ താമസിച്ചുവരുന്ന ക്രൈസ്തവ ജനത വെളിപ്പെടുത്തുന്ന തുറന്ന മനഃസ്ഥിതി മുസ്‌ലിമീങ്ങളിൽ നിന്നുമുണ്ടാകട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. സർവ്വോപരി, അഹ്മദീ മുസ്‌ലിമീങ്ങളുടെ ഭാഗത്തു നിന്നും ഇതര മത വിഭാഗങ്ങളിൽനിന്നുമുണ്ടാകട്ടെ.

ദൈവാരാധന സമാനതകളുള്ളതാണെന്ന് പറഞ്ഞ ലൂഥർ ചർച്ചിന്റെ പ്രതിനിധി സാറാ സാഹിബ വളരെ നല്ല കാര്യമാണ് പറഞ്ഞത്. ഇക്കാര്യത്തിലേക്ക് നമുക്ക് ശ്രദ്ധ വേണ്ടതാണ്. ദൈവാരാധനയോടൊപ്പം സമാധാനത്തിന്റെ സന്ദേശവും ലഭിക്കുന്നു. മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കുന്നതും ഇതേ കാര്യങ്ങളാണ്. ഇസ്‌ലാംമത സ്ഥാപകരുടെ കാലഘട്ടത്തിൽ നജ്റാനിൽനിന്നു ഒരു ക്രൈസ്തവ സംഘം കൂടിക്കാഴ്ചയ്ക്കായി മദീനയിൽ വന്നു. സംഭാഷണത്തിന്നിടയിൽ അവർക്ക് പ്രാർഥനയ്ക്കുള്ള സമയമായി. എവിടെ പ്രാർഥിക്കണമെന്ന കാര്യത്തിൽ അവർ അസ്വസ്ഥരായി. അവരുടെ അസ്വസ്ഥതയുടെ കാരണമെന്തെന്ന് അന്വേഷിച്ചറിഞ്ഞ നബി(സ) തിരുമേനി ആരാധനയുടെ സമയമായതിനാൽ സ്ഥലം അന്വേഷിക്കുകയാണെന്ന് മനസ്സിലാക്കി. ആ സമയം അവർ മസ്ജിദ് നബ്‌വിയിൽ ഉപവിഷ്ഠരായിരുന്നു. അസ്വസ്ഥരാകേണ്ട ആവശ്യമില്ലെന്ന് പ്രതിവചിച്ച നബി(സ)തിരുമേനി ഈ മസ്ജിദും ആരാധനക്കുവേണ്ടിയാണ് നിർമിച്ചിട്ടുള്ളതാണെന്നും നിങ്ങൾക്കിവിടെ ആരാധന നിർവഹിക്കാവുന്നതാണെന്നും തുടർന്ന് പറഞ്ഞു. അവരവിടെത്തന്നെ പ്രാർഥിക്കുകയും ചെയ്തു. യഥാർഥ സമാധാനം സ്ഥാപിതമാക്കുന്ന കാര്യമാണിത്. ഇതുമുഖേന പരസ്പര വിശ്വാസവും ബന്ധവും ഉത്തമമായി തീരുന്നു.

ഇസ്‌ലാം ഇതേ അധ്യാപനമാണ് നല്കുന്നത്. സമാധാനത്തെ നശിപ്പിക്കുന്നവരാണ് മുസ്‌ലിമീങ്ങളെന്ന കാരണത്താലാണ് ഇസ്‌ലാം ഇത്രയധികം ദുഷ്പേരിന് വിധേയമായിരിക്കുന്നത്. ഇസ്‌ലാം എന്ന പേരിന്റെ പൊരുൾതന്നെ സമാധാനം എന്നായിരിക്കുമ്പോഴാണിത്. ഒരു മുസ്‌ലിം ഇതരർക്ക് സമാധാനം നല്കുന്നില്ലെങ്കിൽ അവൻ മുസ്‌ലിമാകുക സാധ്യമല്ല. ഒരു യഥാർഥ മുസ്‌ലിമിന്റെ കൈയിൽ നിന്നും നാവിൽനിന്നും മറ്റുള്ളവർ സുരക്ഷിതരായിരിക്കുമെന്ന് അതിനാലാണ് നബി(സ)തിരുമേനി പ്രസ്താവിച്ചത്. അതുകൊണ്ട് യഥാർഥ ഇസ്‌ലാം സമാധാനം പ്രദാനം ചെയ്യുന്നതായിരിക്കും. സമാധാന കാംക്ഷിയായ ഒരു പൗരൻ ആരുടേയും സമാധാനം തകർക്കുകയില്ല. അയാളോടൊപ്പം നിങ്ങളും സമാധാനത്തിലാകുന്നു. സംസ്കരണത്തിന്റെ ആവശ്യം നേരിടുന്ന സമയത്ത് ഇന്നത്തെ ചില തീവ്രവാദ വിഭാഗങ്ങൾ ചെയ്യുന്നതുപോലെ നിയമം കൈയിലെടുക്കാൻ പാടില്ല. ഇസ്‌ലാമിക അധ്യാപനത്തിന് തികച്ചും വിരുദ്ധമായ കാര്യമാണ് നിയമം കൈയിലെടുക്കൽ. നിയമം നടപ്പിലാക്കുന്ന വിഭാഗത്തെ സഹായിക്കുകയാണ് വേണ്ടത്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ആരുടേയും സമാധാനം തകർക്കരുത് എന്നതു തന്നെയാണ്. ഒരു മനുഷ്യനെ വധിക്കൽ സർവ്വ മനുഷ്യരേയും വധിക്കലാണെന്ന് ദൈവം പറയുന്നു. ഒരു മനുഷ്യനെ രക്ഷപെടുത്തൽ സർവ മനുഷ്യരേയും രക്ഷപെടുത്തലുമാണ്. മതങ്ങളുടെ അധ്യാപനം ഇതു തന്നെയാണ്. ഇസ്‌ലാമികാധ്യാപനവും വിശുദ്ധ ഖുർആനും ഇതാണ് ഉൾക്കൊള്ളുന്നത്. ശരിയായ രൂപത്തിൽ മനസ്സിലാക്കുകയാണെങ്കിൽ സമാധാനവും സ്നേഹവും പ്രകാശവും കൂടാതെ മറ്റൊന്നുമില്ലാത്ത യഥാർഥ ഇസ്‌ലാമികാധ്യാപനമാണിത്. ലോകം മുഴുവനും ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണിച്ചു കൊടുക്കുന്ന ലക്ഷ്യമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വഹിക്കുന്നത്.

റൗണ്ട് ടേബിൾ ഓഫ് ഫുൽഡാ പ്രതിനിധി ഇവിടെ നൂറിലധികം ജനവിഭാഗം താമസിച്ചു വരുന്നതായി തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. വിവിധ മതാനുയായികൾ ഒരിടത്തു ഒത്തുചേരുന്നത് വളരെ നല്ല കാര്യമാണെന്ന് പറഞ്ഞ അവർ എല്ലാ വർഷവും വ്യവസ്ഥാപിതമായി ഒരു സ്ഥലത്ത് ഇതിന്നായി ഒത്തുകൂടാൻ തുടങ്ങിയെന്നും പ്രസ്താവിച്ചു. ഈ പരിപാടിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രാതിനിധ്യം ഉണ്ടെന്ന കാര്യം കേട്ടപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. അദ്ദേഹം സൂചിപ്പിച്ച മറ്റൊന്ന് വളരെ നല്ല വിഷയം മാനുഷിക മൂല്യങ്ങളാണ് യഥാർഥ കാര്യമെന്നാണ്. ഇതു തന്നെയാണ് യഥാർഥ കാര്യം. മാനുഷിക മൂല്യങ്ങൾതന്നെയാണ് യഥാർഥത്തിൽ മറ്റുജീവികളിൽനിന്നു നമ്മെ വ്യതിരിക്തമാക്കുന്നത്. അല്ലാഹു മനുഷ്യനെ ശ്രേഷ്ഠസൃഷ്ടിയായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. മറ്റു മൃഗങ്ങളെ പോലെ നാമും പരസ്പരം കടിച്ചു കീറാൻ തുടങ്ങിയാൽ നമുക്കും മറ്റു മൃഗങ്ങൾക്കുമിടയിൽ എന്ത് വ്യത്യാസമാണുള്ളത്? അല്ലാഹു നമുക്ക് വിവേചനബുദ്ധി നല്കിയിരിക്കുന്നു. സന്ദർഭത്തിന് യോജിച്ച നിലയിൽ അതിനെ ഉപയോഗിക്കാതിരുന്നാൽ ശ്രേഷ്ഠസൃഷ്ടിയുടെ ഭാഗമായിരിക്കുന്നത് നിഷ്ഫലമാണ്. മൂല്യങ്ങൾ യഥാർഥത്തിൽ സ്ഥാപിതമാകുന്നത് മറ്റു മൃഗങ്ങളേക്കാൾ ശ്രേഷ്ഠമായ നിലയിൽ നമ്മൾ അതിനെ വിവരിക്കുമ്പോഴാണ്. കേവലം മനുഷ്യനിൽ മാത്രം അല്ലാഹു സൃഷ്ടിച്ച ശ്രേഷ്ഠതയാണിത്. ഉപയോഗിക്കാവുന്ന നിലയിൽ ബുദ്ധി നല്കപ്പെടുകയും തദ്വാര മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കാൻ അവനെ സുശക്തനാക്കുകയും ചെയ്തിരിക്കുന്നു.

വാഗ്ദത്ത മസീഹും മഹ്ദിയുമായ ഞങ്ങളുടെ ജമാഅത്തിന്റെ സ്ഥാപകരുടെ കാലഘട്ടത്തിലും ഇന്റർഫെയ്ത്ത് കോൺഫ്രൻസ് നടന്നിട്ടുണ്ട്. ഈ കോൺഫ്രൻസില് ഓരോ മതാനുയായിയും തങ്ങളുടെ മതത്തെ സംബന്ധിച്ച് പ്രസംഗിക്കണമെന്ന നിബന്ധന വെച്ചിരുന്നു. മറ്റൊരു മതത്തിനെ കുറിച്ച് മോശമായി ഒന്നും പറയരുതെന്നും പരിഹസിക്കരുതെന്നും നിബന്ധന വെച്ചിരുന്നു. കേവലം സ്വന്തം മതത്തിന്റെ നന്മകൾമാത്രം മുന്നിൽക്കൊണ്ടു വരേണ്ടതാണ്. അല്ലാഹു മനുഷ്യന് ബുദ്ധി നല്കുകയും ശ്രേഷ്ഠസൃഷ്ടിയാക്കുകയും ചെയ്തിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നു. ഓരോ മനുഷ്യന്റേയും ദൗത്യമാണ് പ്രസ്തുത നന്മകൾനോക്കി വിലയിരുത്തേണ്ടത്. മത കാര്യങ്ങളിൽ ഒരുവിധ നിർബന്ധവുമിന്നല്ലെന്ന് അല്ലാഹു പറയുന്നു. ഒരാൾക്കും മറ്റൊരാളുടെ മതം നിർബന്ധിച്ചുമാറ്റാൻ സാധിക്കില്ല. മാനുഷിക ബുദ്ധിയുള്ളപ്പോൾ ചിന്തിക്കാനും മനസ്സിലാക്കാനും കാര്യങ്ങൾ വിവേചിച്ച് ഗ്രഹിക്കാനും അല്ലാഹു കഴിവു നല്കി. അതിനാൽ ഒരുവിധ അസ്വസ്ഥതയ്ക്കും അവകാശമില്ല. ഓരോ മതത്തിന്റേയും കാര്യങ്ങൾ കേൾക്കുകയും അധ്യാപനത്തെ മനസ്സിലാക്കുകയും, കാര്യങ്ങൾ വിവേചിച്ച് മനസ്സിലാക്കുകയും ചെയ്യൽ തെളിമയാർന്ന ചിന്തയാണ്. മാനുഷിക മൂല്യങ്ങളെ വെളിപ്പെടുത്തുന്ന കാര്യവും ഇതുതന്നെ. സമാധാനത്തിന്റേയും ശാന്തിയുടേയും സ്നേഹത്തിന്റേയും സന്ദേശം ഉയർത്തിക്കൊണ്ടു വരുന്നതും കൂടുതൽ വ്യാപിപ്പിക്കുന്നതും ഇതുതന്നെയാണ്. അതുകൊണ്ട് നമ്മൾ എന്നും മാനുഷിക മൂല്യങ്ങളെ സ്ഥാപിക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. ഇത് സാധ്യമാകണമെങ്കിൽ നമ്മൾ പരസ്പരമുള്ള വികാരങ്ങളേയും വേദനകളേയും കുറിച്ച് വീണ്ടുവിചാരമുള്ളവരാകണം. പരസ്പരം സേവനം കാഴ്ചവെക്കുന്നവരാകണം.

ചിലരുടെ നമസ്കാരങ്ങൾ അവരുടെ നാശത്തിന് കാരണമാകുമെന്ന് മുസ്‌ലിമീങ്ങൾക്ക് അല്ലാഹു വിശുദ്ധ ഖുർആനിൽ മുന്നറിയിപ്പ് നല്കുന്നു. എന്തുകൊണ്ടാണ് നാശത്തിനു ഹേതുവാകുന്നതെന്ന് തുടർന്ന് അല്ലാഹു വിശദീകരിക്കുന്നുണ്ട്. അനാഥകളേയും ദരിദ്രരേയും കുറിച്ച് വിചാരമില്ലാത്ത, സമൂഹത്തിന്റെ സമാധാനം തകർക്കാൻ ശ്രമിക്കുന്ന നമസ്കാരക്കാർ അല്ലാഹുവിനെ ആരാധിക്കുന്നതു കൊണ്ട് പ്രയോജനമില്ല. അല്ലാഹു ഇത്തരത്തിലുള്ള ആരാധനകൾ സ്വീകരിക്കുകയില്ല. ആരാധിക്കുക, അഞ്ചുനേരവും വന്ന് നമസ്കരിക്കുക എന്നതൊക്കെ ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളാണ്. എന്നാൽ, ഇതോടൊപ്പം മനുഷ്യർക്ക് സേവനം സമർപ്പിക്കുക. മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കുക. ഇക്കാര്യമാണ് അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഈ മസ്ജിദ് നിർമിതമായതിനുശേഷം ഇവിടുത്തെ അഹ്മദികളും മുമ്പത്തേതിനെക്കാൾ മനുഷ്യത്വത്തിന് കൂടുതൽ സേവനം ചെയ്യുന്ന പരിപാടികളിൽ ഭാഗഭാക്കാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കു

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

മാർഗത്തിൽ പരിശ്രമിക്കുന്നവർക്ക് നാം നമ്മുടെ മാർഗ്ഗങ്ങൾ കാണിച്ചു കൊടുക്കുന്നതാണ്. പറയുന്നു, ഇതൊരു വാഗ്ദാനമാണ്. ഇവിടെ ഒരു ദുആയും നമുക്ക് പഠിപ്പിച്ചു തന്നു. **ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം.** അതിനാൽ ഓരോ വ്യക്തിയും ഇതിനെ മുൻനിറുത്തി നമസ്കാരത്തിൽ കരഞ്ഞു ദുആ ചെയ്യേണ്ടതാണ്. പുരോഗതിയും ഉൾക്കാഴ്ചയും ലഭിച്ചവരുടെ ഗണത്തിൽ ഉൾപെടാനും ഈ ലോകത്തുനിന്ന് ഉൾക്കാഴ്ചയില്ലാത്തവനും അന്ധനുമായ നിലയിൽ എഴുന്നേല്പിക്കപെടാതിരിക്കാനുമുള്ള ആഗ്രഹം വെച്ചുപുലർത്തേണ്ടതാണ്. *(മൽഫൂദാത്ത്, വാല്യം 1, പേജ് 20, 1984 പതിപ്പ്)*

ഈ സ്ഥാനം കരസ്ഥമാക്കുന്നതിന് അല്ലാഹു തന്റെ ദാസന് തന്റെ സ്വന്തം മാർഗ്ഗങ്ങളിലേക്ക് മാർഗദർശനം നൽകുന്നു. ഈ ഒരു ദുആയും അനിവാര്യമാണ്. സൂറ ഫാത്തിഹ ഓതുമ്പോൾ **ഇഹ്ദിന സ്സിറാത്വൽ മുസ്തഖീം** എന്ന് ആവർത്തിച്ച് ചൊല്ലേണ്ടതാണ്.

ഖാദിയാനിലെ ഏതോ ഒരാൾ ഈ സംഭവം വിവരിച്ചിരിക്കുന്നു: നമസ്കരിക്കുമ്പോൾ ഒരു മഹാത്മാവിന്റെ അവസ്ഥ എങ്ങനെയായിരിക്കണം. ആ വിവരിക്കുന്നയാൾ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബി മസ്ജിദ് മുബാറക്കിന്റെ ഒരു മൂലയിൽനിന്ന് നമസ്കരിക്കുകയായിരുന്നു. വളരെ ദൈവഭയമുണ്ടായിരുന്നു. കരച്ചിലുമുണ്ടായിരുന്നു. ഒരുപാടുനേരമായി കൈകെട്ടി അങ്ങനെ നിൽക്കുകയാണ്. അദ്ദേഹം പറയുകയാണ്: ചെറിയ ചെറിയ ശബ്ദം കേൾക്കാം. പറയുന്നതെന്താണെന്ന് പോയി നോക്കണമെന്ന് എനിക്കു തോന്നി. അപ്പോൾ അദ്ദേഹം ആവർത്തിച്ചാവർത്തിച്ച **ഇഹ്ദിന സ്സിറാത്വൽ മുസ്തഖീം, ഇഹ്ദിന സ്സിറാത്വൽ മുസ്തഖീം** എന്ന് ചൊല്ലിക്കൊണ്ടിരിക്കുകയാണ്. ഏങ്ങലടിച്ച് കരയുന്നുമുണ്ട്.' ഈ ദുആ മനുഷ്യൻ തന്റെ സന്മാർഗത്തിനുവേണ്ടി കൂടുതലായി ചൊല്ലേണ്ടതാണ്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സത്യഹൃദയത്തോടെയും സദുദ്ദേശ്യത്തോടെയും അല്ലാഹുവിന്റെ മാർഗ്ഗങ്ങൾ അന്വേഷിക്കുന്നവർക്ക് സന്മാർഗ്ഗത്തിന്റെയും ദിവ്യജ്ഞാനത്തിന്റെയും മാർഗ്ഗങ്ങൾ തുറന്നു കൊടുക്കുമെന്നത് അല്ലാഹുവിന്റെ സത്യസന്ധമായ വാഗ്ദനമാണ്. അവൻ പറയുന്നു, **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** അതായത് ആരാണോ നമ്മിലിലായിക്കൊണ്ട് മുജാഹദ അഥവാ കഠിനാധ്വാനം ചെയ്യുന്നത് അവർക്ക് നാം നമ്മുടെ മാർഗങ്ങൾ തുറന്നു കൊടുക്കുന്നതാണ്. 'നമ്മിലിലായിക്കൊണ്ട്' എന്നതിന്റെ വിവക്ഷിതം തികച്ചും ആത്മാർഥതയോടും സദുദ്ദേശ്യത്തോടുംകൂടി ദൈവികാന്വേഷണം ലക്ഷ്യമാക്കി അതായത് അല്ലാഹുവിനെ പ്രാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നാണ്. ഭൗതികമായ ഒരു പ്രത്യേക ലക്ഷ്യവും ഉണ്ടാകരുത്. യഥാർഥ ലക്ഷ്യം അല്ലാഹുവായിരിക്കണം. അല്ലാഹുവിനെ ആത്മാർഥമായി പ്രാപിക്കാനുള്ള ഉദ്ദേശ്യമായിരിക്കണം. അതായത് പറയുന്നു: ആരെങ്കിലും പരിഹാസത്തിന്റേയും കളിയാക്കലിന്റേയും രീതിയിൽ പരീക്ഷിക്കാനാണുദ്ദേശിക്കുന്നതെങ്കിൽ അവൻ ദൗർഭാഗ്യവാനും ഉപേക്ഷിക്കപ്പെട്ടവനുമായി മാറും.' പറയുന്നു: 'നിങ്ങൾ ഈ പരിശുദ്ധ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ സത്യഹൃദയത്തോടെ പരിശ്രമിക്കുകയുംദുആ ചെയ്യുകയുമാണെങ്കിൽ അവൻ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു. എന്നാൽ, അല്ലാഹുവിനെ ഗൗനിക്കുന്നില്ലെങ്കിൽ അല്ലാഹു നിരാശ്രയനുമാണ്. *(മൽഫൂദാത്ത്, വാല്യം 6, പേജ് 439, 1984 പതിപ്പ്)* അപ്പോൾപ്പിന്നെ നിങ്ങളെ പരിഗണിക്കേണ്ടതുണ്ടെന്നഒരു കാര്യവും അല്ലാഹുവിനുമില്ല.

വീണ്ടും പറയുന്നു: ഭൗതികമായ വ്യവഹാരങ്ങളിലെല്ലാം ആദ്യം മനുഷ്യന് എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ട്. ഭൗതികമായ വ്യവഹാരങ്ങളെന്തായാലും ആദ്യം മനുഷ്യന് അധ്വാനിക്കേണ്ടതായി വരുന്നു. ഭൗതികമായ പ്രവൃത്തികൾ നിങ്ങൾ നോക്കുക. ഈ മാതൃക തന്നെയാണ് ലോകത്ത് കാണാൻ കഴിയുന്നത്. അവൻ തന്റെ കൈകാലുകൾ ചലിപ്പിക്കുമ്പോൾ അല്ലാഹുവും അനുഗ്രഹം ചൊരിയുന്നു.

ഇതേപോലെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഉന്നതി പ്രാപിക്കുന്നവരും കഠിനമായി പരിശ്രമിക്കുന്നവരാണ്. അതുകൊണ്ടാണ് പറഞ്ഞത് വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ. അതിനാൽ പരിശ്രമിക്കേണ്ടതാണ്. കാരണം **മുജാഹിദ** അഥവാ അത്യധ്വാനപരമായ പ്രവൃത്തിതന്നെയാണ് വിജയങ്ങളിലേക്കുള്ള വഴി.' *(മൽഫൂദാത്ത് വാല്യം 7, പേജ് 224, 1984 പതിപ്പ്).*

ഭൗതിക കാര്യങ്ങൾ കരസ്ഥമാക്കുന്നതിന് നമ്മൾ നമ്മുടെ പരിശ്രമങ്ങളെ പാരമ്യത്തിലെത്തിക്കുകയും അതിനു വേണ്ടി പരിശ്രമിക്കുകയും ചെയ്യുമ്പോൾ പിന്നെന്തുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കാനുള്ള മാർഗങ്ങൾക്ക് വേണ്ടി പരമാവധി ശ്രമിക്കുന്നില്ല. നമ്മളെന്തെങ്കിലും വായ്കൊണ്ട് പറഞ്ഞിട്ട് അല്ലാഹുവിനെ കിട്ടണമെന്നും നമ്മുടെ ദുആകൾ സ്വീകരിക്കപ്പെടണമെന്നും കരുതുന്നതെന്തിനാണ്. അതിനാൽ ഇവിടെ വീണ്ടും ഇതേ കാര്യം തന്നെയാണ് പറയുന്നത്. തങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നില്ലെന്ന് പറയുന്നവർ ആദ്യം സ്വയം തങ്ങളെ വിലയിരുത്തേണ്ടതാണ്. അല്ലാഹുവിനെ പ്രാപിക്കാനുള്ള വഴി എളുപ്പമുള്ളതായിരിക്കണമെന്നും ഭൗതിക സാധനസാമഗ്രികൾ കരസ്ഥമാക്കാൻ പരിശ്രമിക്കണമെന്നുമുള്ള തത്ത്വമാണെങ്കിൽ അത് നടക്കുകയില്ല. ഈ നിയമം തന്നെയാണ് എല്ലായിടത്തും നടക്കുന്നത്.

അല്ലാഹുവിനെ പ്രാപിക്കാൻ അധ്വാനിക്കേണ്ടത് നിർബന്ധമാണെന്ന വിഷയത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു സ്ഥലത്ത് പറയുന്നു: 'നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നവർ നേർമാർഗത്തിൽ എത്തിച്ചേരുന്നതാണ്. വിത്തു വിതയ്ക്കാതെ പരിശ്രമവും നനക്കലും അനുഗ്രഹ രഹിതമായിരിക്കുന്നതു പോലെ-എന്നല്ല അതു സ്വയം നശിച്ചുപോകുകയും ചെയ്യുന്നു- നിങ്ങളും ഈ ഏറ്റു പറച്ചിലിനെ എല്ലാ ദിവസവും സ്മരിക്കുകയും അല്ലാഹുവേ! ഞങ്ങളെ സഹായിക്കണമേ എന്ന് ദുആ ചെയ്യാതിരിക്കുകയുമാണെങ്കിൽ ദൈവികാനുഗ്രഹമിറങ്ങുന്നതല്ല. ദൈവിക സഹായമില്ലാതെ മാറ്റങ്ങൾ സംഭവിക്കുന്നതുമല്ല.' *(മൽഫൂദാത്ത് വാല്യം 7, പേജ് 225, 1984 പതിപ്പ്)*

ചുരുക്കത്തിൽ ഇതൊരു പ്രകൃതിനിയമമാകുന്നു. അല്ലാഹുവിനെ പ്രാപിക്കുന്നതിനും ഇതു അനിവാര്യമാണ്. ഒരു ബുദ്ധിമാനായ കർഷകൻ വിത്തു വിതച്ചതിനുശേഷം വെറുതെ ഇരിക്കുന്നില്ല. അതുപോലെ ഇവിടെയും മനുഷ്യൻ കേവലം വിശ്വസിച്ചുവെന്ന് പറഞ്ഞുകൊണ്ട് കൈകെട്ടി ഇരിക്കുകയാണെങ്കിൽ ഒന്നും നേടുന്നതല്ല. പ്രത്യുത പരിശ്രമിക്കുകയും തന്റെ വിശ്വാസത്തിന്റെ ചെടികളെ സംരക്ഷിക്കുകയും വേണം.

വീണ്ടും അവിടന്ന് പറയുന്നു: 'അല്ലാഹുവിലേക്ക് മനുഷ്യൻ തിരിയുമ്പോൾ അല്ലാഹുവും അവനിലേക്ക് തിരിയുന്നതാണ്. ഇവിടെ ഏറ്റവും അനിവാര്യമായിട്ടുള്ള സംഗതി സാധ്യമാകുന്നിടത്തോളം തന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ വരുത്താതിരിക്കുക എന്നതാണ്. പിന്നെ അവന്റെ ഈ ശ്രമം അതിന്റെ പാരതമ്യതയിലെത്തുമ്പോൾ അവൻ ദൈവിക പ്രകാശത്തെ കാണുന്നതാണ്. **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്നതിൽ ഇക്കാര്യത്തിലേക്ക് സൂചന നൽകികൊണ്ടു പറയുന്നു: പരിശ്രമത്തിന്റെ ഉത്തരവാദിത്വം യഥാവിധി നിർവഹിക്കേണ്ടതാണ്. അതല്ലാതെ ഇരുപതടി കുഴിച്ചാൽ വെള്ളം കിട്ടുമെങ്കിൽ കേവലം രണ്ടടി കുഴിച്ച് പരാജയപെരുത്. ഇരുപതോ മുപ്പതോ അടി കുഴിക്കേണ്ടിടത്ത് രണ്ടുമൂന്നടി കുഴിച്ചതിനുശേഷം ക്ഷീണിച്ച് മാറിയിരുന്നാൽ വെള്ളം കിട്ടുന്നതല്ല.' പറയുന്നു: 'ക്ഷീണിച്ചുപോകരുതെന്നതാണ് എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിന്റേയും തായ്‌വേര്.

മാത്രമല്ല അല്ലാഹു ഈ ഉമ്മത്തിന് വാഗ്ദാനം നൽകിയിരിക്കുന്നത് ആരെങ്കിലും പൂർണമായ തോതിൽ ദുആ ചെയ്യുകയും മനഃശുദ്ധി കൈവരിക്കാൻ പരിശ്രമിക്കുകയുമാണെങ്കിൽ വിശുദ്ധ ഖുർആനിലെ എല്ലാ വാഗ്ദാനങ്ങളും അവനുവേണ്ടി നിറവേറ്റപ്പെടുമെന്നാണ്. അതുകൊണ്ട് പൂർണമായും സന്നദ്ധനായി ദുആ ചെയ്യുകയും മനഃശുദ്ധി കൈവരിക്കാൻ പരിശ്രമിക്കുകയുമാണെങ്കിൽ അവനുവേണ്ടി വിശുദ്ധ ഖുർആനിലെ സകല വാഗ്ദാനങ്ങളും സാക്ഷാത്കരിക്കപ്പെടുന്നതാണ്. എന്നാൽ, അതിനെതിരിൽ നിൽക്കുകയാണെങ്കിൽ അവൻ നഷ്ടപെടുന്നവനായിരിക്കും. കാരണം അല്ലാഹുവിന്റെ സത്ത അഭിമാനമുള്ളതാണ്. അവൻ തീർച്ചയായും അവനിലേക്ക് ഒരു വഴി വെച്ചിട്ടുമുണ്ട്. എന്നാൽ, അതിന്റെ കവാടങ്ങൾ വളരെ ഇടുങ്ങിയതായിട്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. കയ്പ്പുള്ള വെള്ളം കുടിക്കുന്നവർ മാത്രമേ അവിടെ എത്തുകയുള്ളൂ. പരിശ്രമിക്കേണ്ടതായി വരും. ജനങ്ങൾ ഭൗതിക ചിന്തയിൽ പ്രയാസങ്ങൾ സഹിക്കുന്നു. പറയുന്നു; ജനങ്ങൾ ഭൗതിക ചിന്തയിൽ പ്രയാസങ്ങൾ സഹിക്കുന്നു. എത്രത്തോളമെന്നാൽ ചിലർ അതിൽത്തന്നെ നശിപ്പിക്കപ്പെടുന്നു. എന്നാൽ, അല്ലാഹുവിനുവേണ്ടി ഒരു മുള്ളു തറയ്

ക്കുന്നതുപോലും സഹിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഏതുവരെ അവനിൽനിന്ന് സത്യസന്ധതയുടേയും സഹനത്തിന്റേയും കൂറിന്റേയും അടയാളങ്ങൾ വെളിപ്പെടുന്നില്ലയോ, അതായത് ദാസനിൽനിന്നു സത്യസന്ധതയുടേയും സഹനത്തിന്റേയും കൂറിന്റേയും അടയാളങ്ങൾ വെളിപ്പെടാത്തിടത്തോളം മറുഭാഗത്ത് അഥവാ അല്ലാഹുവിൽനിന്നും കാരുണ്യത്തിന്റെ അടയാളങ്ങളും വെളിപ്പടുന്നതല്ല. പറയുന്നു: പിന്നെങ്ങനെയാണ് മറുഭാഗത്ത് നിന്ന് കാരുണ്യത്തിന്റെ അടയാളങ്ങൾ വെളിപ്പെടുക.' *(മൽഫൂദാത്ത് വാല്യം 7, പേജ് 291, 1984 പതിപ്പ്).*

തങ്ങൾ ഒരുപാടു ദുആ ചെയ്തുവെന്നും പക്ഷേ, സ്വീകരിക്കപ്പെട്ടില്ലെന്നും പറയുന്നവർക്കുള്ള മറുപടിയാണിത്. അതായത് അവർ അല്ലാഹുവിനെ തങ്ങളുടെ വരുതിയിലാക്കാനക്കുകയാണ്. തങ്ങൾ ഇഷ്ടമുള്ളപ്പോൾ അല്ലാഹുവിന്റെ അടുത്ത് വരുന്നതാണ്. തങ്ങൾ ആവശ്യമുള്ള സമയത്ത് വരുന്നതാണ്. തങ്ങൾ എങ്ങനെ പറഞ്ഞാലും എങ്ങനെ ആഗ്രഹിച്ചാലും ദുആ സ്വീകരിക്കപ്പെടണം നഊദുബില്ലാഹ്, അല്ലാഹു തങ്ങളുടെ നിർബന്ധത്തിനു വഴങ്ങണം എന്നൊക്കെയാണ് അവർ പറയുന്നതിന്റെ ചുരുക്കം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: എന്നാൽ, ഈ കാര്യം ഭൗതികമായ നിയമങ്ങളിലും ബന്ധങ്ങളിലും പോലും ഇങ്ങനെയല്ലെന്നു നമുക്ക് കാണാവുന്നതാണ്. എന്നിരിക്കെ അല്ലാഹുവിന്റെ കാര്യത്തിൽ തങ്ങൾ എങ്ങനെ ആഗ്രഹിച്ചാലും ആകണമെന്നും ഒരു പരിശ്രമവും കൂടാതെ ഉണ്ടാകണമെന്നും എന്തുകൊണ്ടാണ് അവർ പ്രതീക്ഷിക്കുന്നത്. ചുരുക്കത്തിൽ ഇവിടെ പറയുന്നതും ഇതുതന്നെയാണ്, ആത്മാർഥതയോടുകൂടി അല്ലാഹുവിലേക്ക് വരികയാണെങ്കിൽ അവന്റെ സ്നേഹദൃശ്യങ്ങൾ കാണാവുന്നതാണ്.

പിന്നെ അദ്ദേഹം പറയുന്നു: ഓർക്കുക! വിശ്വാസംകൂടാതെയുള്ള കർമങ്ങൾ വെള്ളമില്ലാത്ത തോട്ടം പോലെയാകുന്നു. അരുവികളും വെള്ളവുമില്ലാത്ത തോട്ടംപോലെ വൃക്ഷം വെച്ചുപിടിപ്പിക്കുന്ന ഉടമസ്ഥൻ അതിന്റെ ജലസേചനത്തിനു ശ്രദ്ധിക്കുന്നില്ലെങ്കിൽ അതൊരു ദിവസം ഉണങ്ങിപോകുന്നതാണ്. ഇതുതന്നെയാണ് വിശ്വാസത്തിന്റേയും അവസ്ഥ. **വല്ലദീന ജാഹദൂ ഫീനാ,** അതായത് നിങ്ങൾ ചെറിയ ചെറിയ പ്രവർത്തനങ്ങളിൽ ഒതുങ്ങരുത്. മറിച്ച് മറിച്ച് ഈ മാർഗ്ഗത്തിൽ വലിയ വലിയ പരിശ്രമങ്ങൾ അനിവാര്യമാണ്. മനസ്സിനെ ചെടിയുമായാണ് ഉപമിച്ചിരിക്കുന്നത്.' *(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 3, പേജ് 631)*

അല്ലാഹു പറയുന്നു: **വൽ യുഅ്മിനൂ ബീ** എന്നെ വിളിച്ച് പ്രാർഥിക്കുന്നവൻ എന്നിൽ വിശ്വസിക്കുകയും വേണ്ടതാണ്. 'ഈമാൻ' എന്നത് കൊണ്ടുള്ള വിവക്ഷിതം അല്ലാഹുവിനോടുള്ള കടമകളും ദാസന്മാരോടുള്ള കടമകളും നിറവേറ്റികൊണ്ട് അല്ലാഹുവിൽ യഥാവിധി വിശ്വസിക്കുക എന്നതാണ്. അല്ലാഹു വിശ്വാസത്തിന്റെ തോട്ടത്തെ പരിരക്ഷിക്കാനും പരിപാലിക്കാനും തന്റെ ദാസന്മാരോട് പറയുന്നു. നമുക്കറിയാം നമ്മുടെ വീടുകളിലും ചെടികളെ നാം കൃത്യമായി നോക്കുകയും അവയെ ശ്രദ്ധിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവ ഉണങ്ങിപ്പോകുന്നതാണയിരിക്കും. എന്നിരിക്കെ വിശ്വാസത്തിന്റെ തോട്ടത്തെ നമുക്കെങ്ങനെയാണ് ശ്രദ്ധിക്കാതെ വിട്ടുകളയാൻ കഴിയുക. ഇനി മറ്റൊരു തരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയയം വിശദീകരിക്കുന്നു: 'അല്ലാഹു പറയുന്നു, നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർ വഴികൾ കണ്ടെത്തുന്നതാണ്. ഇതിന്റെ അർഥം ഈ മാർഗത്തിൽ പ്രവാചകനോടൊപ്പം ചേർന്ന് പരിശ്രമിക്കണമെന്നാണ്. ഒന്ന് രണ്ടു മണിക്കൂറിനുശേഷം ഓടിപ്പോകുന്നത് ഒരു യോദ്ധാവിനു ചേർന്നതല്ല. മറിച്ച് ജീവൻ നൽകാൻ തയ്യാറാകുക എന്നതാണ് അവന്റെ ജോലി. അതിനാൽ മുത്തഖിയുടെ അടയാളം സ്ഥൈര്യമാകുന്നു. *(മൽഫൂദാത്ത് വാല്യം 1, പേജ് 25, 1984 പതിപ്പ്)*

അതുകൊണ്ടു നമ്മൾ നമ്മുടെ ബയ്അത്തിൽ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്നു പ്രതിജ്ഞ ചെയ്തവരാണ്. അപ്പോൾ ഈ പ്രതിജ്ഞയിൽ നിലനിൽക്കുന്നതിനു അനിവാര്യമായിട്ടുള്ളതെന്തെന്നാൽ, ദീൻ നമ്മളോടു ഏതുകാര്യത്തെ മുന്തിക്കാനാണ് ആവശ്യപ്പെടുന്നതെന്ന് നോക്കേണ്ടതാണ്. പിന്നീടു അതിൽ സുസ്ഥിരമായി നിലകൊള്ളേണ്ടതുമാണ്.

വീണ്ടും പറയുന്നു: ആരാണോ അല്ലാഹുവിനെ ഭയന്നുകൊണ്ടുമാത്രം അവന്റെ മാർഗങ്ങൾ അനേഷിക്കാൻ ശ്രമിക്കുകയും അക്കാര്യത്തിലുള്ള കുരുക്കുകൾ അഴിയുന്നതിനുവേണ്ടി ദുആ ചെയ്യുകയും ചെയ്യുന്നത് **അല്ലാഹു വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്ന തന്റെ നിയമമനുസരിച്ച് അതായത് നമ്മിലായിക്കൊണ്ടു പരിശ്രമിക്കുന്നവരെ നാം നമ്മുടെ മാർഗ്ഗങ്ങളിൽ വഴി നടത്തുന്നതാണെന്നതനുസരിച്ച് കൈ പിടിച്ച് അവർക്കു വഴി കാണിക്കുകയും മനസ്സമാധാനം നൽകുകയും ചെയ്യുന്നു. മനസ്സ് അന്ധകാരത്തിലും നാവ് പ്രാർഥനയിൽ ഭാരമനുഭവിക്കുകയും വിശ്വാസം ശിർക്കിലും അനാചാരത്തിലും മലീമസമാകുകയുമാണെങ്കിൽ ആ പ്രാർത്ഥനക്കെന്ത് പ്രസക്തിയാണുള്ളത്. അത്തരം അന്വേഷണത്തിന്റെ ഫലമായി എങ്ങനെയാണ് നന്മകളുണ്ടാകുക! *(തഫ്സീർ ഹദ്റത്ത് മസീഹു മൗഊദ്(അ), വാല്യം 3, പേജ് 632)*

അതുകൊണ്ട് നമ്മൾ ഈ ചിന്തയോടുകൂടിയാണോ അല്ലാഹുവിന്റെ വഴികൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നതെന്നും നമ്മുടെ മനസ്സ് അന്യദൈവങ്ങളിൽനിന്ന് തികച്ചും മുക്തമായിക്കഴിഞ്ഞിട്ടുണ്ടോ എന്നും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

തുടർന്ന് പശ്ചാത്താപത്തിലേക്കും പൊറുക്കലിനെ തേടുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: തൗബയും ഇസ്തിഗ്ഫാറും അല്ലാഹുവിനെ പ്രാപിക്കാനുള്ള വഴിയാകുന്നു. അല്ലാഹു പറയുന്നു: **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ.** തന്റെ മാർഗ്ഗത്തിലേക്ക് പൂർണമായും പരിശ്രമിച്ചുകൊണ്ടിരിക്കുക. ലക്ഷ്യസ്ഥാനത്തെത്തുകതന്നെ ചെയ്യുന്നതാണ്. അല്ലാഹു ആരോടും പിശുക്ക് കാണിക്കുന്നില്ല. *(മൽഫൂദാത്ത് വാല്യം 10, പേജ് 107)*

പറയുന്നു; വിശുദ്ധ ഖുർആനിൽനിന്നു നമുക്ക് ഇക്കാര്യം ഇങ്ങനെ വ്യക്തമാകുന്നുണ്ട്. അതായത് ഒരു ഭാഗത്ത് അല്ലാഹു വിശുദ്ധ ഖുർആനിൽ തന്റെ ദയയുടേയും കാരുണ്യത്തിന്റേയും വാത്സല്യത്തിന്റേയും ഔദാര്യങ്ങളുടേയും ഗുണവിശേഷങ്ങൾ വിവരിക്കുകയും താൻ പരമ കാരുണികനാണെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു. മറുഭാഗത്ത് പറയുന്നു, **വ അൻ ല്ലയ്സ ലിൽ ഇൻസാനി ഇല്ലാ മാ സഅ്യാ,** (53:40) **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** എന്നു പറഞ്ഞുകൊണ്ട് തന്റെ കൃപാതിരേകത്തെ പരിശ്രമത്തിലും അത്യധ്വാനത്തിലും ക്ലിപ്തമാക്കി. മാത്രമല്ല ഇക്കാര്യത്തിൽ സ്വഹാബാക്കളുടെ കർമരീതി നമ്മെ സംബന്ധിച്ചിടത്തോളം ഒരു സൽമാതൃകയും ഉത്തമ ഉദാഹരണമാകുന്നു. സ്വഹാബാക്കളുടെ ജീവിതത്തിൽ പരിചിന്തനം നടത്തി നോക്കുക. അവർ കേവലം സാധാരണ നമസ്കാരങ്ങൾ കൊണ്ടാണോ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കിയിരുന്നത്. അല്ല, പ്രത്യുത അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവനെപ്പോലും പരിഗണിച്ചില്ല. ആടുമാടുകളെപ്പോലെ ദൈവിക മാർഗത്തിൽ ബലിയാടാക്കപ്പെട്ടു. അപ്പോഴാണ് അവർക്ക് ഈ ഉന്നത സ്ഥാനം കരസ്ഥമായത്.' പറയുന്നു: ഒരു ഊത്തുകൊണ്ട് തങ്ങൾക്ക് പദവികൾ മേടിച്ചുതരണമെന്നും അർശുവരെ തങ്ങളെ എത്തിക്കണമെന്നും ആഗ്രഹിക്കുന്ന ഒരുപാടാളുകളെ നാം കണ്ടിട്ടുണ്ട്.' *(മൽഫൂദാത്ത് വാല്യം 10, പേജ് 205, 1984 പതിപ്പ്)* ഇതു നടക്കുകയില്ല.

അല്ലാഹു റഹീമും കരീമുമാണെന്നത് ശരിതന്നെ. പക്ഷേ, അതോടൊപ്പം അവൻ തികഞ്ഞ ഈമാനുള്ളവർക്കുവേണ്ടി, അതായത് അവർ അവന്റെ മാർഗത്തിൽ ജിഹാദു ചെയ്യുന്നവരായിരിക്കണമെന്ന ഒരു നിബന്ധനയും വെച്ചിരിക്കുന്നു. പിന്നീടാണ് അല്ലാഹു അവരുടെ സ്ഥാനം ഉയർത്തിക്കൊണ്ടുപോകുന്നത്. അവർ ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങളും കാണുന്നു. സ്വഹാബാക്കൾ കണ്ടതുപോലെ അല്ലാഹുവിന്റെ റഹ്മാനിയത്തിന്റെയും റഹീമിയത്തിന്റെയും ദൃശ്യങ്ങൾ അവർ നേരത്തേതിലും കൂടുതൽ കാണുന്നതാണ്. അവർ അല്ലാഹുവിന്റെ സ്നേഹത്തിൽ സമാനതകളില്ലാത്തവിധം ആഴ്ന്നിറങ്ങിയവരാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെടുകയും ചെയ്തു. അപ്പോഴാണ് അവർ സ്വർഗത്തിന്റെയും ദൈവപ്രീതിയുടെയും സുവാർത്ത ലഭിച്ചവരായി തീർന്നത്.

വീണ്ടും പറയുന്നു: 'അല്ലാഹുവിലായിക്കൊണ്ടു അല്ലാഹുവിനെ കരസ്ഥമാക്കാനുള്ള വ്യഗ്രതയോടും യാചനയോടുംകൂടി പരിശ്രമിക്കുന്നവർക്ക് അവരുടെ കഠിനാധ്വാനവും പരിശ്രമവും നഷ്ടമാകുന്നതല്ല. തീർച്ചയായും അവർക്ക് വഴികാണിച്ചുകൊടുക്കുകയും മാർഗദർശനം നല്കുകയും ചെയ്യുന്നതാണ്. ആരെങ്കിലും സത്യസന്ധമായും ആത്മാർഥമായ നിയ്യത്തോടുംകൂടി അല്ലാഹുവിലേക്ക് ചുവടുവെച്ചാൽ, വഴി

കാണിച്ചുകൊടുക്കുന്നതിനുവേണ്ടി അല്ലാഹു അവനിലേക്ക് നീങ്ങുന്നു. ചിന്തിക്കുക എന്നത് മനുഷ്യന് നിർബന്ധമാണ്. സത്യാന്വേഷണത്തിനുള്ള സത്യസന്ധമായ തിളപ്പും ദാഹവും തന്റെ യുള്ളിൽ ഉണ്ടാക്കേണ്ടതാണ്.ണ്ടഅറിവുകൾ വിശാലമാക്കുന്നതിന് അല്ലാഹു പറഞ്ഞിട്ടുള്ള വഴികൾ പാലിക്കേണ്ടതാണ്. അല്ലാഹുവിനെ അവഗണിക്കുന്നവനെ അല്ലാഹുവും അവഗണിക്കുന്നതാണ്.' *(മൽഫൂദാത്ത് വാല്യം10, പേജ് 284, 1984 പതിപ്പ്)*

വീണ്ടും അദ്ദേഹം പറയുന്നു: മനസ്സുകൾക്ക് മാറ്റം വരുത്തുന്നതിന് വേണ്ടി കഠിനാധ്വാനം ചെയ്യുകയും പരിശ്രമിക്കുകയും വേണം. നമസ്കാരത്തിൽ ദുആകൾ ചെയ്യുക. സ്വദഖകളും ദാനധർമങ്ങളും മറ്റുപായങ്ങളും മുഖേന **വല്ലദീന ജാഹദൂ ഫീനാ** യിൽ ഭാഗഭാക്കാകുവിൻ. രോഗി വൈദ്യന്റെ അടുത്തുപോകുമ്പോൾ മരുന്ന് കുടിക്കുകയും വിശ്രമിക്കുകയും രക്തം എടുക്കുകയും ഇഞ്ചക്ഷൻ എടുക്കുകയും രോഗശാന്തിക്കുവേണ്ടി എന്തെല്ലാം കാര്യങ്ങളുണ്ടോ അതെല്ലാം സ്വീകരിക്കുകയും ചെയ്യുന്നു. അതേപോലെ തങ്ങളുടെ ആത്മീയ രോഗങ്ങളെ ദൂരീകരിക്കുന്നതിനുവേണ്ടി എല്ലാ നിലയ്ക്കും ശ്രമിക്കേണ്ടതാണ്. വെറും നാവുകൊണ്ടല്ല മറിച്ച് അല്ലാഹു പറഞ്ഞ എല്ലാ പരിശ്രമങ്ങളും ചെയ്യേണ്ടതാണ്. *(മൽഫൂദാത്ത് വാല്യം 8, പേജ് 188, 1984 പതിപ്പ്)* ഈ രീതിമുഖേനയാണ് അല്ലാഹുവിനെ പ്രാപിക്കാനുള്ള വഴി തുറന്നുകൊണ്ടുപോകുന്നത്. പിന്നെ ദുആയിലേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: മനുഷ്യൻ ഇഹലോകത്തെ എത്രത്തോളം മോശമായി കാണണമെന്നാൽ അതിൽനിന്ന് പുറത്തുകടക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ജീവിതം തന്നെയാണ് എല്ലാമെന്ന് കരുതിപ്പോകരുത്. ഈ ജീവിതം താൽക്കാലികമാണ്. ഈ ഭൗതിക ജീവിതം മോശമാണെന്ന് മനസ്സിലാക്കുക. ദുആ മുഖേന പ്രവൃത്തിക്കുക. കാരണം ഉപായങ്ങൾ യഥാവിധി ചെയ്യുകയും സത്യസന്ധമായ രീതിയിൽ ദുആകൾ ചെയ്യുകയും ചെയ്യുമ്പോൾ അവസാനം അല്ലാഹു അയാൾക്ക് മോക്ഷം നൽകുന്നതാണ്. അവൻ പാപപങ്കിലമായ ജീവിതത്തിൽനിന്ന് പുറത്തുവരുന്നതായിരിക്കും. കാരണം പ്രാർഥനയും നിസാരമായൊരു സംഗതിയല്ല. പ്രത്യുത അതും ഒരു മരണം തന്നെയാകുന്നു. മനുഷ്യൻ ഈ മരണത്തെ വരിക്കുമ്പോൾ അല്ലാഹു കുറ്റകരമായ ആ ജീവിതത്തിൽ നിന്ന്, മരണഹേതുവായ അവസ്ഥയിൽനിന്ന് രക്ഷപ്പെടുത്തുന്നതാണ്. അവനു ഒരു പരിശുദ്ധ ജീവിതം നൽകുന്നതാണ്.' അദ്ദേഹം പറയുന്നു: ഒരുപാടാളുകൾ പ്രാർഥന നിസാരമായൊരു സംഗതിയാണെന്നു കരുതുന്നു. ഓർക്കുക! ദുആ എന്നത് നിസാരമെന്ന് കരുതി നമസ്കരിക്കുകയും കൈയുയർത്തി ഇരിക്കുകയും വായിൽ വരുന്നതെല്ലാം പറയുകയും ചെയ്യുന്നതല്ല. ഇത്തരം ദുആ കൊണ്ടൊരു പ്രയോജനവുമില്ല. കാരണം ഈ ദുആ കേവലം ഒരു മന്ത്രംപോലെയാണ്. അതിൽ മനസ്സ് ഭാഗഭാക്കാകുന്നില്ല. അതിൽ അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളുടെ ഒരു വിശ്വാസവുമുണ്ടായിരിക്കുന്നതല്ല. ഓർക്കുക, ദുആ ഒരു മരണമാകുന്നു. മരണസമയത്ത് ഉണ്ടാകുന്ന വെപ്രാളവും പിടച്ചിലും ദുആ ചെയ്യുന്ന നേരത്തും അനിവാര്യമാണ്. അതുകൊണ്ട് ദുആ ചെയ്യുമ്പോൾ പൂർണമായ വെപ്രാളവും യാചനയും ഉണ്ടാകാത്തിടത്തോളം കാര്യങ്ങൾ നടക്കുന്നതല്ല. അതിനാൽ രാത്രികളിലെഴുന്നേറ്റ് വളരെ താഴ്മയോടെ കരഞ്ഞും വിലപിച്ചും അല്ലാഹുവിന്റെ സവിധത്തിൽ തന്റെ പ്രയാസങ്ങൾ സമർപ്പിക്കുക. ഈ ദുആകൾ മരണത്തിന്റെ അവസ്ഥവരെ എത്തിക്കുക. അപ്പോൾ ദുആ സ്വീകാര്യതയുടെ തലത്തിലേക്കെത്തുന്നതാണ്.'

അദ്ദേഹം പറയുന്നു: ഇക്കാര്യംകൂടി ഓർമ വെക്കുക! ഏറ്റവും പ്രഥമവും പ്രധാനവുമായ ദുആ തിന്മകളിൽനിന്ന് പരിശുദ്ധരാകാൻ ചെയ്യുന്ന ദുആയാണ്. എല്ലാ ദുആകളുടെയും അടിസ്ഥാനവും, ഭാഗവും ഇതുതന്നെയാകുന്നു. കാരണം ഈ ദുആ സ്വീകരിക്കപ്പെടുകയും മനുഷ്യൻ എല്ലാതരം അശുദ്ധികളിൽ നിന്നും മാലിന്യങ്ങളിൽനിന്നും പരിശുദ്ധനായി ദൈവദൃഷ്ടിയിൽ പരിശുദ്ധനായിത്തീരുകയുമാണെങ്കിൽ മറ്റു അത്യാവശ്യങ്ങൾക്കുള്ള ദുആകൾ അതായത് മനുഷ്യന്റെ മറ്റു ഭൗതികാവശ്യങ്ങൾക്കു വേണ്ടിയുള്ള ദുആകൾ അവൻ ചെയ്യുന്നില്ലെങ്കിൽപോലും അവ സ്വയമേവ സ്വീകരിക്കപ്പെടുന്നതാണ്. തിന്മകളിൽ നിന്നെല്ലാം രക്ഷപ്പെടുന്നതിനുള്ള ദുആ തന്നെയാണ് വളരെ പ്രയാസമേറിയതും പരിശ്രമാർഹവുമായ ദുആ. ഏറ്റവും വലിയ ദുആ മനുഷ്യൻ തന്റെ തിന്മകളിൽനിന്ന് പരിശുദ്ധനാകുന്നതിനും അല്ലാഹുവിന്റെ ദൃഷ്ടിയിൽ മുത്തഖിയും വിശുദ്ധനുമാകുന്നതിനും ചെയ്യുന്നതാണ്. അതായത് ആദ്യമാദ്യം മനുഷ്യന്റെ ഹൃദയത്തിലുള്ള ആവരണങ്ങൾ അകറ്റപ്പെടേണ്ടത് അനിവാര്യമാകുന്നു. പിന്നെ മറ്റു ആവരണങ്ങൾ അകറ്റപ്പെടുന്നതിനു അതുപോലുള്ള പരിശ്രമവും പ്രയാസവും അനുഭവിക്കേണ്ടി വരുന്നതല്ല. കാരണം അല്ലാഹുവിന്റെ അനുഗ്രഹം അവനോടൊപ്പം ചേർന്നുകൊണ്ട് ആയിരക്കണക്കിന് തിന്മകളെ സ്വയം അകറ്റുന്നതായിരിക്കും. ഉള്ളിൽ പരിശുദ്ധിയും പവിത്രതയും ഉണ്ടാകുകയും അല്ലാഹുവുമായി സത്യസന്ധമായ ബന്ധം ഉടലെടുക്കുകയും ചെയ്താൽപ്പിന്നെ അല്ലാഹു സ്വയം അവന്റെ സംരക്ഷകനും സഹായിയുമായി മാറുന്നു. അവൻ അല്ലാഹുവിനോട് ഏതെങ്കിലും കാര്യം ചോദിക്കുന്നതിനു മുമ്പേ അല്ലാഹു സ്വയം അവനുവേണ്ടി അത് പൂർത്തീകരിക്കുന്നതാണ്. ഇതു വളരെ സൂക്ഷ്മമായ ഒരു രഹസ്യമാകുന്നു. അതാണിവിടെ തുറക്കുന്നത്. ഈ രഹസ്യമെന്തെന്നാൽ മനുഷ്യൻ ഈ ഒരവസ്ഥയിലേക്ക് എത്തിയാലല്ലാതെ അവനു ഇതു മനസ്സിലാക്കാൻ സാധ്യമല്ല. എന്നാൽ, ഇതൊരു മഹത്തായ പരിശ്രമത്തിന്റെ കാര്യമാകുന്നു. എന്തുകൊണ്ടെന്നാൽ പ്രാർഥനക്കും ഒരു പരിശ്രമം നിർബന്ധമാണ്. ദുആയിൽ അലംഭാവം കാണിക്കുകയും അതിൽനിന്നു വിദൂരപ്പെടുകയുമാണെങ്കിൽ അല്ലാഹുവും അവനെ ഗൗനിക്കുന്നവനല്ല. അവനിൽനിന്ന് വിദൂരനാകുകയും ചെയ്യും. ധിറുതിയും സത്വര നടപടികളും ഇവിടെ പ്രയോജനം നൽകുന്നതല്ല. അല്ലാഹു തന്റെ അനുഗ്രഹങ്ങളാൽ എന്തും നൽകുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ. വളരെ പെട്ടെന്ന് കിട്ടാത്തതിൽ പരാതിപ്പെടുകയും ദുർധാരണ വെച്ചുപുലർത്തുകയും ചെയ്യുന്നത് പ്രാർഥിക്കുന്നവന് ഭൂഷണമല്ല. മറിച്ച് സ്ഥിരമായി സഹനത്തോടുകൂടി ചോദിച്ചു കൊണ്ടിരിക്കേണ്ടതാണ്.' *(മൽഫൂദാത്ത് വാല്യം 6,പേജ് 406-407, 1984 പതിപ്പ്)*

അല്ലാഹു നമുക്ക് ഈ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖു നൽകുമാറാകട്ടെ. നമുക്കു അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കാൻ ഈ റമളാൻ നിമിത്തമാകട്ടെ. അവൻ പറഞ്ഞ കാര്യങ്ങളനുസരിച്ച് കർമം ചെയ്യുന്നവരാക്കുമാറാകട്ടെ. അതിൽ പൂർണ വിശ്വാസമുള്ളവരാക്കട്ടെ. ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ നമുക്കും കാണിച്ചു തരുമാറാകട്ടെ. ഈ അവസ്ഥ എപ്പോഴും നിലനില്ക്കുമാറാകട്ടെ. റമളാനിലും റമളാനിനുശേഷവും നമ്മൾ അല്ലാഹുവിന്റെ ആത്മാർഥ ദാസന്മാരുടെ കർമങ്ങൾ അനുഷ്ഠിക്കുന്നവരായി മാറട്ടെ. അല്ലാഹു നമുക്ക് അവന്റെ മാർഗ്ഗങ്ങൾ കാണിക്കുകയും നമ്മൾ അവയിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്യുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നമ്മളിൽ പതിക്കുമാറാകട്ടെ. നമ്മൾ കാലത്തിന്റെ ഇമാമിനോടു ചെയ്ത ബയ്ത്തിന്റെ കടമകൾ നിറവേറ്റുന്നവരായിത്തീരട്ടെ. അല്ലാഹു നമുക്ക് കാലത്തിന്റെ ഇമാമിനെ സ്വീകരിക്കുന്നതിന് ചെയ്തുതന്ന അനുഗ്രഹം ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കട്ടെ. അല്ലാഹു നമ്മുടെ എതിരാളികളുടെയും ശത്രുക്കളുടെയും ദ്രോഹങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുമാറാകട്ടെ. നമ്മുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് ശത്രുക്കളുടെ ദ്രോഹങ്ങൾ അവരിലേക്കുതന്നെ തിരിക്കുമാറാകട്ടെ. ജമാഅത്തിന്റെ പുരോഗതിക്കുള്ള സാഹചര്യങ്ങൾ എപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുമാറാകട്ടെ. ചുരുക്കത്തിൽ ഈ റമളാനെ സ്വീകാര്യയോഗ്യമായ ദുആകൾക്കുള്ള നിമിത്തമാക്കി മാറ്റുക. അല്ലാഹു നമുക്കതിനു തൗഫീഖ് നൽകുമാറാകട്ടെ.

ലോകത്തിന്റെ അവസ്ഥ കണ്ട്, ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുകയും ജനങ്ങൾക്ക് തങ്ങളുടെ സൃഷ്ടികർത്താവായ അല്ലാഹുവിനെ തിരിച്ചറിയാൻ ബുദ്ധി നൽകുകയും ചെയ്യുമാറാകട്ടെ.

ജുമുഅക്കുശേഷം ഞാൻ ഒരാളുടെ ഒരു സൈറ്റും തുറക്കുന്നതാണ്. അത് MTA INTERNATIONAL ഉണ്ടാക്കിയിട്ടുള്ള ഒരു സൈറ്റാണ്. അതിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 313 ബദ്‌രി സ്വഹാബാക്കളെ കുറിച്ചുള്ള എന്റെ ജുമുഅ ഖുത്ബകൾ ഒരിടത്ത് സമാഹരിച്ചിരിക്കുകയാണ്. ഈ വെബ്സൈറ്റിൽ ജുമുഅ ഖുത്ബകൾ കാണുന്നതോടൊപ്പം ബദ്‌രി സ്വഹാബാക്കളെ കുറിച്ചുള്ള പ്രൊഫൈലുകളും വായിക്കാവുന്നതാണ്. കാണുകയും വായിക്കുകയും ചെയ്ത അത്രയും ഭാഗം ബുക്ക്മാർക്(bookmark) ചെയ്യാനും കഴിയും. അതുകൂടാതെ ഓരോ സ്വഹാബി

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 12 May 2022 Issue-19

**MANAGER**
**SHAIKH MUJAHID AHMAD**

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

യെ കുറിച്ചും ചോദ്യോത്തര രൂപത്തിൽ പ്രശ്നോത്തരിയുമുണ്ട്. വെബ്സൈറ്റിൽ ബന്ധപ്പെട്ട ഫലപ്രദമായ ചിത്രങ്ങളുമുണ്ട്. പേരുകളുടെയും പ്രയാസമുള്ള വാക്കുകളുടെയും അറബി ഉച്ചാരണവും കേൾക്കാവുന്നതാണ്. ഇതുവരെ അപ്‌ലോഡ് ചെയ്ത വിവരണങ്ങൾക്കു പുറമെ മേലിൽ ഉണ്ടാകാൻ സാധ്യതയുള്ള വിവരണങ്ങളും വീഡിയോകളും എല്ലാ ആഴ്ചയും ഇതിൽ നൽകുന്നതാണ്. ഈ വെബ്സ്റ്റിന്റെ മേൽവിലാസം ഇപ്രകാരമാകുന്നു. WWW.313 COMPANIONS.ORG ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനുശേഷം ഇത് ഞാൻ തുറക്കുന്നതാണ്. അല്ലാഹു ഇതിനെയും ജനങ്ങളുടെ പ്രയോജനത്തിനു നിമിത്തമാക്കുമാറാകട്ടെ.

തർജമ:
**മൗലവി എച്ച്.ശംസുദ്ദീൻ കാവശേരി**
ടൈപ്പ്സെറ്റിംഗ്:
**പി.എം.വസിം അഹ്മദ് ചേലക്കര**

**പേജ് 8 ൽ നിന്ന്**

ന്നവരാകുമെന്നും പരസ്പരം സൽപ്പെരുമാറ്റം കാഴ്ചവെക്കുന്നവരാകുമെന്നും പ്രതീക്ഷിക്കുന്നു. ക്ഷമിക്കാനുള്ള കഴിവ് മുമ്പേയുള്ളതിനെക്കാൾ വർധിപ്പിക്കുമെന്നും പരസ്പരം മതങ്ങളെ ആദരിക്കുന്നവരാകുമെന്നും പ്രതീക്ഷിക്കുന്നു.

ഈ മസ്ജിദ് ഇവിടെ ശരിയായ രീതിയിൽ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതാക്കാൻ അല്ലാഹു തുണക്കുമാറാകട്ടെ. അഹ്മദികൾ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഈ രാഷ്ട്രത്തിനും ഈ പട്ടണവാസികൾക്കും സേവനം ചെയ്യുന്നവരാകാനും മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കുന്നവരാകാനും സമാധാന സ്ഥാപനത്തിനുവേണ്ടി സാധ്യമാകുന്ന ഓരോ ശ്രമവും നടത്തുന്നവരാകാനും അല്ലാഹു തുണയ്ക്കുമാറാകട്ടെ. അല്ലാഹു ഇവർക്ക് ഇതിനുള്ള കഴിവ് നല്കുമാറാകട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. നന്ദി.

ഹുദൂറിന്റെ ഈ പ്രഭാഷണം 06.45 വരെ നീണ്ടുനിന്നു. ശേഷം ഹുദൂർ ദുആയ്ക്ക് നേതൃത്വം നല്കി. തുടർന്ന് അതിഥികൾ ഹുദൂറിനോടൊപ്പം ഭക്ഷണം കഴിച്ചു. പരിപാടിയുടെ സമാപനത്തിൽ ചില അതിഥികൾക്ക് ഹുദൂറിനെ കാണാനും ഹസ്തദാനം സ്വീകരിക്കാനും ഭാഗ്യം ലഭിച്ചു. ഫോട്ടോകളും എടുത്തു. തുടർന്ന് 07.40-ന് ബയ്ത്തുസ്സുബ്ബൂഹിലേക്ക് പുറപ്പെട്ട ഹുദൂറിന് പോലീസ് നഗരത്തിൽ നിന്നു മോട്ടർ വേവരെ അകമ്പടി നല്കി. 08.55-ന് ബയ്ത്തു സ്സുബൂഹിലെത്തിയ ഹുദൂർ മഗ്‌രിബ് ഇശാഅ് നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

### അതിഥികളുടെ പ്രതികരണങ്ങൾ

ഇന്നത്തെ ഹുദൂറിന്റെ പ്രഭാഷണം അതിഥികളിൽവളരെ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. ചില അതിഥികൾ അവരുടെ വികാരങ്ങൾ തുറന്ന് പ്രകടിപ്പിക്കുകയും ചെയ്തു.

✧ ജർമനിയിലെ പോലീസ് വകുപ്പിൽ സേവനം അനുഷ്ഠിച്ചു വരുന്ന മിസ് കീറാഹ് ഹനിമൻ (Miss kirah Hanemann)സാഹിബ പറയുന്നു: 'നിങ്ങളുടെ ഇമാം ഹാളിൽ പ്രവേശിച്ചതും വിവരണാതീതമായൊരു ആത്മീയാവസ്ഥ എനിക്കുണ്ടായി. ഖുർആനികാധ്യാപനത്തിന്റെ സൗന്ദര്യത്തിന്റെസ്വാധീനപ്രകടനമാണ്അഹ്മദിയ്യാജമാഅത്തിന്റെ ഇമാമിനെ കണ്ടപ്പോഴുണ്ടായതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഏതെങ്കിലും വ്യക്തിത്വത്തെ കുറിച്ച് എനിക്ക് ജീവിതത്തിലുണ്ടായ പ്രഥമ അനുഭവമാണിത്. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തുമായി സുശക്തമായ ബന്ധം നിലനിറുത്തണമെന്ന ആഗ്രഹം എനിക്കുണ്ട്. ഈ ആത്മീയാനുഭവത്തിന് കൂടുതൽ ശക്തി പകരാൻ അടുത്ത റമളാൻ മാസം മുഴുവനും നിങ്ങളുമായി കഴിച്ചു കൂട്ടണമെന്നും ആഗ്രഹമുണ്ട്.

✧ ഹറാൾഡ് ബോൺസെൽ (Harald Boensel) എന്ന അതിഥി പറയുന്നു:പ്രത്യക്ഷ ഐക്യത്തിനും ആഗോളസമാധാനത്തിനും അടിസ്ഥാനമിട്ടുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രഭാഷണത്തിൽ മുന്നോട്ടുവെച്ച പൊതു മൂല്യങ്ങളും പ്രർത്തന രീതിയും ഇന്നത്തെ സാഹചര്യത്തിൽ വളരെയധികം പ്രായോഗികമാണെന്ന് തോന്നുന്നു. ഇന്ന് ഇതുതന്നെയാണ് ലോകത്തിന്റെ ആവശ്യവും. ഇസ്‌ലാമികാധ്യാപനങ്ങളെന്ന നിലയിൽ മുമ്പേ ഇസ്‌ലാമിനെ കുറിച്ച് പരിചയിച്ച കാര്യങ്ങൾ ശരിയായതായിരുന്നില്ലെന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെ സായാഹ്നം എനിക്ക് ഉറച്ചതും സമാധാനപൂരിതവുമായ ഒരു സന്ദേശമാണ് കൊണ്ടു വന്നിട്ടുള്ളത്.

✧ ഒരു പ്രാദേശിക സ്കൂളിന്റെ ഭാഗത്തുനിന്നു ഈ പരിപാടിയിൽ പങ്കെടുക്കാൻ വന്ന ഹെൽമോറ്റ് കിറാഹ്(Helmot Kirah) പറയുന്നു:അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ഇന്നത്തെ പ്രസംഗം എല്ലാ സ്കൂളിലേയും വിദ്യാർഥികളേയും കേൾപ്പിക്കുകയും ഇതിൽനിന്നു അവർക്ക് മനസ്സിലായത് എന്താണെന്നും അവരുടെ വീക്ഷണത്തിൽ ഈ സുന്ദര അധ്യാപനം ഏത് മതത്തിന്റേതായിരിക്കുമെന്നും ചോദിക്കേണ്ടതാണ്. ചുരുങ്ങിയത് എനിക്ക് തീർച്ചയായും ഈ പരിപാടിയുടെ ദൃശ്യ ശ്രാവ്യ റെക്കോർഡിംഗ് നിങ്ങൾ തരിക. അതുമുഖേന എന്റെ സ്കൂളിലെ വിദ്യാർഥികളുമായി ഇന്നത്തെ സായാഹ്ന സാഹചര്യങ്ങൾ പങ്കുവെക്കാൻ എനിക്ക് സാധിക്കും.

✧ ഒരു മഹിളാ അതിഥി മിസ് ഇഹ്റിഗ് (Miss Ihrig) സാഹിബ പറയുന്നു:അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ പരിപാവനവും ആദരണീയവുമായ വ്യക്തിത്വത്തിന്റെ സ്വാധീനം എന്റെ ഹൃദയത്തിലുണ്ടായി എന്നതു കൂടാതെ അദ്ദേഹത്തിന്റെ പ്രഭാഷണത്തിലെ ഈ വരികളും എന്നിൽ അഗാധമായ സ്വാധീനം ചെലുത്തിയിരിക്കുന്നു. 'ഇക്കാലഘട്ടത്തിൽ അന്തർദേശീയ സമാധാന സ്ഥാപനത്തിന്റെ പ്രഥമ കാൽ വെയ്പ് എന്ന നിലയിൽ നമുക്ക് സ്വന്തം ഹൃദയങ്ങളെ തുറക്കേണ്ടതുണ്ട്. ഇതരരുടെ വികാരവിചാരങ്ങളും വിശ്വാസങ്ങളും സ്വന്തം ഹൃദയത്തിൽ വിശാലതയോടെ സ്വഷ്ടിക്കേണ്ടതുണ്ട്.

**പേജ് 1 ൽ നിന്ന്**

സാധാരണമായിരുന്നുവെന്നത്. പക്ഷേ, ഇക്കാര്യമല്ല. അങ്ങനെയായിരുന്നെങ്കിൽ അവരുടെ രാജ്യങ്ങളിൽ പെൺകുട്ടികളുടെ അംഗസംഖ്യ വളരെ കുറയേണ്ടതായിരുന്നു. യാഥാർഥ്യമെന്തെന്നാൽ, പെൺകുട്ടികളുടെ ജനനം അറേബ്യൻ നാടുമുഴുവനും മോശമായി മനസ്സിലാക്കിയിരുന്നുവെങ്കിലും അവരെ ജീവനോടെ കുഴിച്ചുമൂടുന്ന സമ്പ്രദായം പ്രാവർത്തികമായി ചില വലിയവരിലും അഹങ്കാരികളായവരിലുമാണുണ്ടായിരുന്നത്. പെൺകുട്ടികളുടെ ജനനം മോശമായി മനസ്സിലാക്കുക എന്നത് മറ്റൊരു കാര്യമാണ്. അവരെ ജീവനോടെ കുഴിച്ചുമൂടുക എന്നത് വേറൊരു കാര്യമാണ്. ഇന്നുവരെ ആളുകൾ പൊതുവെ പെൺകുട്ടികളുടെ ജനനം മോശമായിത്തന്നെയാണ് കാണുന്നത്. ഇല്ലാമാശാ അല്ലാഹ്! എന്നാൽ, അവരെ കൊല്ലുന്നത് കുറച്ചാളുകളാണ്. അറബികളിലും ഈ പ്രവൃത്തി മക്കയിൽ വളരെ കുറച്ചുമാത്രമാണുണ്ടായിരുന്നത്. പൊതുവെ തങ്ങളെ വളരെ വലിയവരായി മനസ്സിലാക്കിയിരുന്ന ചില ഗോത്രങ്ങളിൽ ഈ സമ്പ്രദായമുണ്ടായിരുന്നു. അതും ചില വലിയ ആളുകളിൽ! അതുകൊണ്ടിവിടെ പറയുന്നത് പൊതുവെയുള്ള ആചാരത്തിന്റെ കാര്യമല്ല. പ്രത്യുത ജനതയിലെ ഉന്നതരായവരുടെ അത്തരം പ്രവൃത്തി പറയപ്പെട്ടിരിക്കുകയാണ്. അതിനെ മുഴുവൻ ജനതയും പിൻപറ്റിയിരുന്നില്ല. എന്നല്ല അങ്ങനെ ചെയ്യാതിരിക്കുന്നത് ആദരപൂർവമായ പ്രവൃത്തിയായി മനസ്സിലാക്കിയിരുന്നു.

**അലാ സാഅ മാ യഹ്കുമൂൻ** എന്നതിൽ പറഞ്ഞു, പെൺകുട്ടികളെ മോശമായി മനസ്സിലാക്കുന്നവരുടെ പ്രവൃത്തി അങ്ങേയറ്റം വൃത്തികെട്ടതാണ്. പെൺകുട്ടികളില്ലായിരുന്നുവെങ്കിൽ അവരെങ്ങനെയാണ് ജനിക്കുക? ഭാവിയിൽ പെൺകുട്ടികളില്ലെങ്കിൽ അവരുടെ സന്താനപരമ്പര എങ്ങനെയാണ് നിലനില്ക്കുക?

വിശുദ്ധ ഖുർആൻ തുടക്കം മുതൽത്തന്നെ സ്ത്രീകളോടുള്ള ബഹുമാനം സ്ഥാപിച്ചു. അവരുടെ അവകാശങ്ങൾ അംഗീകരിച്ചു. ഇങ്ങനെയൊക്കെയായിട്ടും ഇപ്പോഴും പറയുന്നത് നബി(സ)തിരുമേനി സ്ത്രീകളുടെമേൽ അക്രമം ചെയ്തുവെന്നാണ്. ഒന്നു പറഞ്ഞതരിക, ആരംഭം മുതൽത്തന്നെ സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്ത ഏതു ഗ്രന്ഥമാണുള്ളത്? അത് വിശുദ്ധ ഖുർആൻ മാത്രമാണ്. *(തഫ്സീറെ കബീർ വാള്യം 4, പേജ് 185, ഖാദിയാൻ എഡിഷൻ 2010)*

**www.alislam.org**
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin